സഭാചന്ദ്രിക

(മാസത്തിൽ രണ്ടു തവണ)

ആലുവാ തുക്കുന്നത്തു് സിമ്മനാരിയിൽനിന്നും

Dated 3rd April 1948. Registered No. T. 179.

Licence No. 570

പുസ്തകം 1 — 1124 ചിങ്ങം 15 — ലക്കം 9

"ദൈവമായ യഹോവ എന്നാ ഞാൻ നിന്റെ വലങ്കൈ പിടിച്ചു് നിന്നോടു്: ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും എന്നു പറയുന്നു"
ഏശായ. 41:13.

വിഷയവിവരം.

(ലേഖകന്മാരുടെ അഭിപ്രായത്തിനു് പത്രാധിപക്കു് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല)

		പേജു്.
	കവർപേജു് 2, 3, 4 പ്രതിദിനവേദവായനക്കുറിപ്പു്, പരസ്യങ്ങൾ, പിരിവു ലിസ്റ്റു്.	
1.	പത്രാധിപലേഖനം: ദൈവവിശ്വാസം ശ്രുതിയുക്തികൾക്കനുയോജ്യമാണൊ? ...	161.
2.	യേശുവിന്റെ പരീക്ഷകൾ: ഗാഥ, (മി: എ. ജി. ഇട്ടൂപ്പു്, അതുലുകൽ.)	164.
3.	മാറാനായ പെരുന്നാളുകൾ: ഓട്ടംതുള്ളൽ, (എം. ഐ. ചാക്കപ്പൻ, മേനോത്തുമാലിൽ) ...	164.
4.	സുകൃതനടപടികൾ, (P. C. A.)	165.
5.	പുതിയനിയമ വ്യാഖ്യാനം (തുടർച്ചു)	165.
6.	വി. പൌലോസിന്റെ ജീവചരിത്രം (വിട്ടുപോയ ഭാഗം.)	167.
7.	മാർ ഗ്രീഗോറിയോസു് വിദ്യാർത്ഥിസംഘം, (മി. വി. എം. ഈപ്പൻ, സംഘം കൂട്ടസെക്രട്ടറി) ...	169.
8.	ക്രിസ്തീയ തത്വോപദേശം (തുടർച്ചു.)	170.
9.	വൈദ്യവിഷയം (Dr. V. P. Varghese.)	172.
10.	ബാലപംക്തി	173.
11.	പൌരോഹിത്യ മാഹാത്മ്യം	173.
12.	ചോദ്യോത്തരപംക്തി (M. G. M.)	174.
13.	വിവാഹഗീതങ്ങൾ (തുടർച്ചു)	179.
14.	സമുദായവാർത്തകൾ	179.
15.	Youth	188.
16.	മാസികവരിസംഖ്യ മുഴുവനുമായൊ ഭാഗമായൊ അടച്ചവരുടെ ലിസ്റ്റു്	180.

വരിസംഖ്യ ഒരാണ്ടത്തേക്കു് അഞ്ചൽമാർഗ്ഗം 6 ക. തപാൽമാർഗ്ഗം 7 ക. പരസ്യങ്ങൾക്കു് ഒരു കോളം ഒരിഞ്ചു വീതിക്കു് ഒരു രൂപാ; ബ്ലോക്കുകൾ പുറമെ. പേപ്പറിൽ ഇടുന്നതിനു് ചാർജ്ജു് വേണ്ട. എന്നാൽ വെള്ളക്കടലാസിൽ വേറെ മഷിയിൽ ഇടുന്നതിനു് ഏറ്റവും ചുരുങ്ങിയ ചാർജ്ജു് 5 ക. വെള്ളക്കടലാസു് ഒരു പേജു മുഴുവൻ 10 ക. ബ്ലോക്കിനെപ്പറ്റിയുള്ള ഈ നിരക്കു് നമ്മുടെ സഭാംഗങ്ങൾക്കു മാത്രമുള്ള സൗജന്യമാണു്. ഫോട്ടൊ അയച്ചാൽ നിങ്ങളുടെ ചിലവിൽ ഞങ്ങൾ ബ്ലോക്കു് ഉണ്ടാക്കി ചേർക്കാം.

ദിവസേന ഉപയോഗിപ്പാനുള്ള വേദവായനഭാഗങ്ങൾ.

(1948 ഈലൂൽ 1—15; 1124 ചിങ്ങം 29 — കന്നി 11; 1948 സെപ്ററംബർ 14—28.)

ദിവസം	സുറി.	മല.	ഇം.	
ചൊവ്വ	1	29	14	ലൂക്കോസ്. 19: 11—25.
ബുധൻ	2	30	15	പുറ: 24: 12—17.
വ്യാഴം	3	31	16	1 ശമു. 3: 16—21.
വെള്ളി	4	1	17	ഹെസ്കിയേൽ 18: 21—24.
ശനി	5	2	18	യാക്കോബ് 5: 1—6.
ഞായർ	6	3	19	വാങ്ങിപ്പിന്റെശേഷം 4-ാം ഞായർ മർക്കോ. 6: 1—6.
തിങ്കൾ	7	4	20	മത്താ. 18: 1—11.
ചൊവ്വ	8	5	21	ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ മത്താ. 12: 38—50.
ബുധൻ	9	6	22	ദൈവമാതാവിന്റെ പിതാവായ യൂയാക്കീമിന്റെയും മാതാവായ ഹന്നായുടെയും ഓർമ്മ മത്താ. 25: 1—13.
വ്യാഴം	10	7	23	മത്താ. 18: 12—22.
വെള്ളി	11	8	24	പുറ. 3: 1—2, 11—14.
ശനി	12	9	25	യോബ്. 1: 1—5.
ഞായർ	13	10	26	വാങ്ങിപ്പിന്റെശേഷം 5-ാം ഞായർ ലൂക്കോ. 11: 33—41.
തിങ്കൾ	14	11	27	വി. സ്ലീബാപെരുന്നാൾ ലൂക്കോ. 21: 5—28.
ചൊവ്വ	15	12	28	മത്താ: 24: 1—35.

പള്ളിമറകൾ.

പള്ളിയിലേക്ക് ആവശ്യമുള്ള **മറകൾ, ചിത്തോലക്കൂട്ടം, ശൊശപ്പാ,** ആദിയായവയും, കച്ചവടക്കാർക്കും പ്രയോജനപ്പെടുന്ന **സാരികൾ, മേശവിരികൾ, മെത്തവിരികൾ, ചീട്ടികൾ** വീടുകളിലേക്കും മുതലായ മററു സാധനങ്ങളും ഏററവും ഭംഗിയായും, ആദായകരമായും, വിവിധതരത്തിൽ **കളർ ചെയ്തും, പ്രിൻറു ചെയ്തും** കൊടുക്കപ്പെടും. കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും ആവശ്യപ്പെടുക.

MANAGER,
THE GOLDEN INDUSTRIES CHINGAVANAM A. O.

വൈദീകരുടെ ഭാഗ്യം—വി: കുർബാന തക്സാ.

ഏതാനും ക്രമങ്ങളും, വിവിധ സന്ദർഭങ്ങളിലേക്കുള്ള പ്രമിയോനുകളും സെദറാകളും തിരഞ്ഞെടുത്ത് അവയുടെ മലയാള തർജ്ജിമയും ഇടകലർത്തി ക്രമീകരിച്ച വി: കുർബാന തക്സാ. വില 4 രൂ. 4 ണ.

Apply to: തകിടിയിൽ യാക്കോബ് കശ്ശീശ,
ചിങ്ങവനം A. O Travancore State.

പത്രാധിപലേഖനം.

ദൈവവിശ്വാസം ശ്രുതിയുക്തികൾക്കനുയോജ്യമാണൊ?

I.

പഞ്ചേന്ദ്രിയങ്ങൾകൊണ്ട് അറിയാവുന്ന പദാർത്ഥങ്ങൾ മാത്രമെ വിശ്വസനീയമാകുന്നുള്ളു എന്നൊരു വാദം ചില നാസ്തികന്മാർ പറയാറുണ്ട്. 'ദൈവത്തെ കാണിച്ചുതരിക, എന്നാൽ വിശ്വസിക്കാം' ഇതാണ് അവർ പലപ്പോഴും ഘോഷിക്കുന്ന ജയശബ്ദം. എന്നാൽ ആത്മികമായി അധികം ചിന്തിക്കുവാൻ കഴിവില്ലാത്തവരും, മനസ്സില്ലാത്തവരും, പ്രത്യക്ഷമെന്ന ഏകപ്രമാണം ആധാരമാക്കുന്നു. ബാഹ്യമായി മാത്രം ചിന്തിക്കുന്നവരെയാണ് യുക്തിവാദികൾ എളുപ്പം ആകർഷിക്കാറുള്ളത്. ലോകത്തെ മ്ലേഛമാക്കുന്ന ഈ നാസ്തികവാദസിദ്ധാന്തം നാം ശക്തിയായി പ്രതിരോധിക്കേണ്ടതാകുന്നു. നാസ്തികവാദികൾക്ക് ഈ ബ്രഹ്മാണ്ഡത്തെയും, നമ്മുടെ അനുഭവവിശേഷങ്ങളെയും യുക്തിപൂർവ്വം വിശദീകരിക്കുന്നതിന് സാദ്ധ്യമല്ല. ഉത്താനബുദ്ധികൾ നാസ്തികസിദ്ധാന്തത്തിൽ ക്ഷണേന സംതൃപ്തിയടയാറുണ്ട്. എന്നാൽ ആത്മികാനുഭവങ്ങളുടെ ഉന്നതശൃംഗങ്ങളെ മൂടിക്കളയുവാൻ അവരുടെ അക്ഷീണയത്നത്തിന് ഇന്നുവരെ സാധിച്ചിട്ടില്ല. കരുടൻ സൂര്യവെളിച്ചം ഇല്ലായെന്നു വാദിച്ചാൽ മററുള്ളവർ അതു സമ്മതിക്കണമെന്നുണ്ടൊ? ഇന്ദ്രിയഗോചരമല്ലാത്തതിനാൽ ആസ്തിക്യം ഇല്ലെന്ന് യുക്തിവാദികൾ പറയുന്നത് ഇതുപോലെയാണ്. വിശ്വാസം എന്ന ആത്മനയനത്താൽ ക്രമേണ അനുഭവത്തിലാകുന്ന അനേകം ആദ്ധ്യാത്മികതത്വങ്ങളുണ്ട്. ആസ്തിക്യം അതിൽ ഉൾപ്പെടുന്നു. സയൻസ് ഗവേഷണശാലയിൽ അദ്ധ്യാപകൻ പറയുന്ന തത്വത്തെ വിശ്വസിച്ച് വിദ്യാർത്ഥി പരീക്ഷണങ്ങൾ നടത്തുമ്പോൾ ടി തത്വം ശരിയാണെന്ന് അവന് അനുഭവമാകാറുണ്ട്. ദൈവത്തെ കാണുന്നത് ജഡചക്ഷുസ്സുകൊണ്ടല്ല, ആത്മീയമായ അനുഭവങ്ങൾകൊണ്ട് അറിയുകയാണ്. അവിശ്വാസിയായിരുന്നാൽ ഈ അനുഭവങ്ങൾ സിദ്ധിക്കുന്നതിനുള്ള പരീക്ഷണങ്ങൾ നടത്തുവാൻ അസാദ്ധ്യമാണ്. പരിശുദ്ധമായ ശ്രുതി (വെളിപാട്)യെയും നിർവ്യാജമായ യുക്തിയേയും നിഷ്കളങ്കം പിന്തുടരുന്നവർ മുൻവിധി കൂടാതെ പുരോഗമിച്ചാൽ ദൈവവിശ്വാസത്തിൽ ചെന്നുചേരാതിരിക്കുകയില്ല. ദൈവത്തെപ്പററി അറിവുള്ളവർ പറയുന്നതെല്ലാം അസത്യമാണെന്നുള്ള നാസ്തികന്മാരുടെ ധാർഷ്ട്യം പരിതാപകരമായിരിക്കുന്നു.

ഇത്തരുണത്തിൽ കൃസ്ത്യാനികളായ നാം ഒരു കാര്യം ശ്രദ്ധിപ്പാനുണ്ട്. ലോകത്തിലെ കഷ്ടതകൾ അനേകരേയും നാസ്തികത്വത്തിലേക്ക് തള്ളിവിടുന്നു. അതിനാൽ ക്രിസ്ത്യാനികൾ വ്യക്തിപരമായും ഇടവകകൾ ചുമതലപ്പെട്ടും സാധുക്കളുടെ കഷ്ടതകൾ പരിഹരിക്കുന്നതിൽ അക്ഷീണപരിശ്രമം ചെയ്യേണ്ടതാണ്. വിശക്കുന്നവന് അപ്പം കൊടുക്കുവാനും, ദാഹിക്കുന്നവന് വെള്ളം കൊടുപ്പാനും, രോഗിക്ക് ശുശ്രൂഷചെയ്യാനും, ഇടവകകളും, ധനവാന്മാരായ ക്രിസ്ത്യാനികളും ഒരുമ്പെടുകയില്ലെങ്കിൽ, സഭയെ 'ക്യാപ്പിററലിസം' എന്ന് മുദ്രയടിച്ച് നാസ്തികവാദം ഉയർന്നുവരികയും, ധനനിക്ഷേപസ്ഥലങ്ങളെ കവർച്ച ചെയ്യുകയും, അവയുടെ കലവറക്കാരെ ഉന്മൂലനാശം വരുത്തുകയും ചെയ്യേക്കും. റഷ്യൻവിപ്ലവം ഓർക്കുക. അതിനാൽ നാസ്തികത്വത്തെ നശിപ്പിച്ച് ആസ്തിക്യം സ്ഥാപിക്കുന്നതിന് തത്വോപദേശം ചെയ്താൽ മാത്രം മതിയാകുന്നതല്ല. എല്ലാവർക്കും അന്നവസ്ത്രാദികളും ഭവനങ്ങളും ചികിത്സകളും വിദ്യാഭ്യാസവും ലഭിക്കത്തക്ക അഖിലലോകക്രമീകരണം ഉണ്ടാകുന്നതിന് ക്രിസ്തീയസമുദായങ്ങൾ ശക്തിയായി പ്രവർത്തിക്കണം.

"യേശു അവനോട്, 'നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ' എന്നുപറഞ്ഞു." യോഹ. 20: 29. 'കണ്ടതും കേട്ടതും' വിശ്വസിക്കുന്ന അന്ധവിശ്വാസികളെയല്ല ഭാഗ്യവാന്മാരെന്ന് ഉദ്ദേശിച്ചിരിക്കുന്നത്. അങ്ങനെ കർത്താവ് ഒരു വങ്കത്വം പറയുകയില്ല. സ്വന്തം കണ്ണുകൊണ്ട് കാണാത്തതാണെങ്കിലും, ഉള്ളതാണെന്ന് വിശ്വസിപ്പാൻ മററു കാരണങ്ങളുണ്ടെങ്കിൽ, അതിനെ വിശ്വസിക്കുന്നവരത്രെ ഭാഗ്യവാന്മാർ. കർത്താവിന്റെ അത്ഭുതപ്രവൃത്തികൾ കണ്ടിട്ടും തന്റെ ഉയർപ്പിനെപ്പററി മുൻകൂട്ടി മാർ തോമാശ്ലീഹായെ പഠിപ്പിച്ചിട്ടും, സഹോദരശ്ലീഹന്മാർ സാക്ഷിച്ചിട്ടും, ഈ ന്യായങ്ങളെയെല്ലാം അവഗണിച്ച് 'കണ്ടാൽമാത്രമെ വിശ്വസിക്കു' എന്ന് തോമാശ്ലീഹാ ശഠിച്ചതുകൊണ്ടാണ് ശാസനാപരമായ ഈ വാക്കുകൾ പറയുവാൻ ഇടയായത്.

ഇന്നു ലോകത്തിൽ ജീവിക്കുന്ന നാം നമ്മുടെ സ്വന്തകണ്ണുകൊണ്ട് കാണാത്ത എത്രയോ ചരിത്രസത്യങ്ങളും, ഭൂമിശാസ്ത്രതത്വങ്ങളും, സയൻസ് പ്രമാണങ്ങളും, ലോക

വാർത്തകളും വിശ്വസിക്കുന്നു. നവഗ്രഹങ്ങളേയും അവയുടെ ചലനങ്ങളേയും നാം വിശ്വസിക്കുന്നുണ്ടു്. കണ്ണുകൊണ്ടു് ഇവ കാണാതെ വിശ്വസിക്കുന്നതിനാൽ ഇതു് അന്ധവിശ്വാസമെന്നു് പറയാവതല്ല. 'ദൈവത്തെ കാണിച്ചുതന്നാൽ ഞാൻ വിശ്വസിക്കാം' എന്നാണു് യുക്തിവാദി ഗർജിക്കുന്നതു്. സൂര്യൻ ചലിക്കുകയും ഭൂമി നിശ്ചലമായിരിക്കുകയും ചെയ്യുന്നതായി നമ്മുടെ കണ്ണുകൾക്കു തോന്നുന്നു. എന്നാൽ യുക്തിവാദിയും മറെറല്ലാവരെപ്പോലെതന്നെ ഭൂമി ചലിക്കുന്നു; സൂര്യൻ നിൽക്കുന്നുവെന്നു് കാഴ്ചക്കു വിപരീതമായി വിശ്വസിക്കുന്നുണ്ടു്. ഗോളശാസ്ത്രജ്ഞന്മാരുടെ ജ്ഞാനം മറവുള്ളവർക്കു് ശരിയായി ഗ്രാഹ്യമല്ലെങ്കിലും നാം അവരെ വിശ്വസിക്കയാണു് ചെയ്യുന്നതു്. വിദ്യാർത്ഥി അദ്ധ്യാപകനേയും, രോഗി ഡാക്ടരേയും, കക്ഷി വക്കീലിനേയും വിശ്വസിക്കുന്നു. കണ്ണുകൊണ്ടു കണ്ടാലെ വിശ്വസിക്കൂ എന്നുപറഞ്ഞു് ശാസ്ത്രീയാഭിപ്രായങ്ങളെ നിഷേധിക്കുന്നപക്ഷം അതു് അന്ധവിശ്വാസമായിത്തീരുന്നു. ദൈവത്തെ സംബന്ധിച്ചു് കണ്ണുകൊണ്ടു കണ്ടാൽമാത്രമെ വിശ്വാസി എന്നു പറയുന്നതു് മറയത്തരമൊ, അഹങ്കാരമൊ, നിർബന്ധബുദ്ധിയൊ, പാപോല്പാദത്തിലുള്ള താല്പര്യമൊ മറെറാ ആയിരിക്കണം. അനുഭവമുള്ള സത്യക്രിസ്ത്യാനികൾ സാക്ഷിക്കുന്നതു് ധിക്കരിക്കാതെ അവർ പറയുന്നതുപോലെ വിശ്വസിച്ചു് പുരോഗമിക്കണം. വിശ്വാസത്തിന്റെ പിന്നാലെ അനുഭവം ഉണ്ടാകുന്നു.

ദൈവമുണ്ടെന്നു് ആരാണു് വെളിപ്പെടുത്തിയിരിക്കുന്നതു്? യേശുക്രിസ്തു. യുക്തിവാദികളുടെ പല വലിയ നേതാക്കന്മാർപോലും യേശുക്രിസ്തുവിന്റെ ഗുണപുരുഷത്വകല്പം പ്രകീർത്തിച്ചിട്ടുണ്ടു്. തന്റെ ജീവിതാരംഭം മുതൽ ക്രൂശിലെ മരണംവരെ ഉച്ചരിച്ച വചനങ്ങളിലും, ചെയ്തിട്ടുള്ള പ്രവൃത്തികളിലും, ദൈവത്തെതന്നെ സാക്ഷീകരിക്കുകയായിരുന്നു സർവ്വപ്രധാനം. ക്രിസ്തുവിനെ വിഡ്ഢിയെന്നൊ, ഭ്രാന്തനെന്നൊ, വഞ്ചകനെന്നൊ, തന്റെ ജീവിതത്തെപ്പറ്റി പഠിക്കുന്ന ഒരുത്തനു്, സ്ഥിരബുദ്ധിയുണ്ടെങ്കിൽ പറവാൻ സാധ്യമല്ല. അങ്ങനെയുള്ള ദിവ്യഗുരുവിനെയും ദൃഢതരമായി ദൈവത്തെ താനറിഞ്ഞിട്ടുണ്ടെന്നും അതു താൻ വെളിപ്പെടുത്തുന്നുവെന്നും ജീവിതത്തിലെ സകല വ്യാപാരങ്ങളിലും പ്രഖ്യാപിച്ചിരിക്കെ ഒരു യുക്തിവാദി എഴുന്നേറ്റു് ദൈവം ഇല്ലെന്നുപറയുന്നതു് എത്ര പരിഹാസപരമായ ഒരു ജല്പനമാണു്. "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു"വെന്നു് യോഹന്നാൻ 14: 9-ൽ എത്ര ധൈര്യസമേതം വ്യക്തമായി പറയുന്നു. ദൈവത്തെ യേശുക്രിസ്തു അറിയുക മാത്രമല്ല താൻ വഴിയായി ദൈവത്തെ നാം കാണുവാൻ താൻ ഒരു മുഖാന്തിരവുമായി നില്ക്കുന്നു. മതകാര്യത്തിലൊഴികെ വിദ്യാഭ്യാസം സ്വീകരിക്കുന്ന യുക്തിവാദി, മതത്തിൽ അതിന്റെ സമ്പൂർണ്ണ വിദ്യാനായ യേശുക്രിസ്തുവിന്റെ അഭിപ്രായം അവഗണിക്കുന്നതു് അഹങ്കാരമൊ, സ്വാർത്ഥതയൊ, പാപോഹമൊ, മറയത്തരമൊകൊണ്ടാണു്. ക്രിസ്തു ദൈവത്തെ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ ദൈവം ഉണ്ടെന്നു് വിശ്വസിക്കേണ്ടതാണു്. ഈ വെളിപാടത്രെ പരിശുദ്ധമായ ശ്രുതിയെന്നു പറയുന്നതു്. ക്രിസ്തു മാത്രമല്ല, മഹമ്മദു്, കൺഫ്യൂഷിയസ്, സൊറോവാസ്റ്റർ എന്നീ മതസ്ഥാപകന്മാരും ഹിന്ദുമതത്തിലെ ഗുരുക്കന്മാരും ദൈവം ഉണ്ടെന്നുള്ളതിനെ സംബന്ധിച്ചു് ഏകാഭിപ്രായക്കാരാണു്. ദൈവത്തിന്റെ സ്വഭാവത്തെപ്പറ്റിയാണു്. അവർ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടെന്നുള്ളതു് ശ്രദ്ധേയമാണു്. ലോകമാകെ ചുറ്റിനടന്നാലും അങ്ങുമിങ്ങും യുക്തിവാദികളെന്നു് സ്വയം അഭിമാനിക്കുന്ന ചില അന്ധവിശ്വാസികൾ ഒഴികെ, സകലരും ദൈവം ഉണ്ടെന്നു വിശ്വസിച്ചുവരുന്നതിനാൽ മനുഷ്യസ്വഭാവത്തിൽ തന്നെ ഇതു് ശ്രദ്ധമൂലമായിരിക്കുന്നുവെന്നു് സ്പഷ്ടമാണു്. ദൈവവിശ്വാസം സാർവ്വത്രികമായ ഒരു അഖിലലോകസിദ്ധാന്തമാകുന്നു. അനേകം നാസ്തികന്മാർ വൃദ്ധരായശേഷം ദൈവവിശ്വാസികളായി തീർന്നിട്ടുണ്ടെന്നുള്ളതും പ്രത്യേകം സ്മരണീയമാണു്. യുക്തിവാദികളുടെ നിരർത്ഥപരിശ്രമം ആസ്തിക്യത്തെ അസ്തമിപ്പിക്കാൻ പര്യാപ്തമല്ല. എന്തുകൊണ്ടെന്നാൽ സാക്ഷാത്തായുള്ള പരമസത്യം ശാശ്വതമായി നിലനില്ക്കും.

ദൈവം ഉണ്ടെന്നുള്ളതിന്റെ ഉറപ്പു് (Guarantee) യേശുക്രിസ്തു തന്നെയാണു്. തെറിപ്പോകുന്ന നാണയത്തെ ബുദ്ധിയേക്കാൾ സർവ്വവിധത്തിലും ശ്രേഷ്ഠമായ യേശുക്രിസ്തുവിന്റെ വെളിപാടിനെയാണു് കൂടുതൽ വിശ്വസിക്കേണ്ടതു്. നമ്മെക്കൊണ്ടു് അതിന്റെ അനുഭവസ്ഥാനത്തു് പറഞ്ഞെത്തുവാൻ വഹിയാത്ത അമൂല്യതത്വികലോകത്തിലെ അനാദ്യന്തസത്യമാകുന്ന ആത്മാവും ലോകഗുരുവായ യേശുക്രിസ്തു പഠിപ്പിക്കുമ്പോൾ അതിനെ അനാദരിക്കുന്നതു് നാശോന്മുഖമായ ഒരു സംഗതിമാണു്. വ്യക്തിക്കായാലും സമുദായത്തിനായാലും നാസ്തിക്യം അവസാനം അധഃപതനത്തെ വരുത്തും (Disruption). തല്ക്കാലം ആ അപകടചിന്ത ചില രസത്തെയുള്ളവാക്കിലും ഒടുവിൽ അതു് ഭയങ്കരമായി മനുഷ്യസ്വഭാവത്തെയും സാമുദായിക സൗഭാഗ്യത്തെയും ശിഥിലീഭവിപ്പിക്കാതിരിക്കയില്ല. ദൈവമില്ല എന്ന ചിന്ത ശാശ്വതമാണെങ്കിൽ ലോകത്തിൽ ഒരു ഗുണവും ഉണ്ടാകുന്നതല്ല. ദൈവമുണ്ടെന്നുള്ള വിശ്വാസം ഉണ്ടാകുന്നതിനു് ഒരു ഗുണവുമില്ലെന്നു് ചിലർ പറയുന്നു. ഈ വിഷയത്തിൽ ഒരു ചെറിയ ലേഖനം ഈ പത്രത്തിൽ തന്നെ ഉടനെ പ്രസിദ്ധപ്പെടുത്തുന്നതാണു്.

ഭാഗ്യത്തിന്റെ അടിത്തറയെ ഇളക്കിക്കളയും. ബുദ്ധിമാന്മാർ മറവുള്ളവരുടെ അനുഭവംകൊണ്ടു് പഠിക്കുമ്പോൾ മൂഢന്മാർ സ്വന്തം അനുഭവംകൊണ്ടെ പഠിക്കുകയുള്ളൂ. (Fools learn by their own experience) "ദൈവം ഇല്ലെന്നു് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു" (സങ്കീ. 14: 1.)

ദൈവത്തെ അനുഭവിച്ചറിഞ്ഞിട്ടുള്ളവരും, ദൈവസംസർഗ്ഗത്താൽ അത്യുത്തമപരമായ ജീവിതം നയിച്ചിട്ടുള്ളവരുമായ ക്രിസ്തീയസഭയിലെ അനേകം പുണ്യാത്മാക്കളായ പണ്ഡിതശ്രേഷ്ഠന്മാർ തലമുറ തലമുറകളായി, നൂറാണ്ടുകളോരോന്നിലും, പ്രസ്താവിച്ചുകൊണ്ടിരുന്ന അനുഭവസത്യം അന്ധവിശ്വാസമാണെന്നോ? ലോകത്തിലെ പണ്ഡിതന്മാർ, പാമരന്മാരല്ല, പല ശാസ്ത്രങ്ങളിലും പ്രധാനസ്ഥാനത്തെ അലങ്കരിച്ചിരുന്ന മഹാന്മാർ ആസ്തിക്യത്തെ സംബന്ധിച്ചു് ഇത്ര ഉറപ്പായി പിൻതലമുറകളെ സ്വൈര്യം പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ, അവരുടെ പ്രസ്താവനകൾ അസത്യമെന്നും, യുക്തിവാദികളായ ചിലർ ദൈവത്തെ കാണാത്തതുകൊണ്ടു്, ദൈവത്തെ ആരെങ്കിലും വിശ്വസിച്ചാൽ അതു അന്ധവിശ്വാസമാണെന്നും പറയുന്നതു് നാം പരിഗണിക്കണമെന്നോ? രാത്രിയിൽ ചന്ദ്രവെളിച്ചം കാണുമ്പോൾ സൂര്യനെ കാണ്മാൻ സാധ്യമല്ലെങ്കിലും ചന്ദ്രൻ പ്രകാശിക്കുന്നതിനാൽ സൂര്യൻ ഉണ്ടെന്നറിയാവുന്നതുപോലെ, വി: പണ്ഡിതന്മാരിൽ പ്രതിബിംബിച്ചിരുന്ന ദൈവത്തിന്റെ തേജസ്സു കാണുമ്പോൾ ദൈവം ഇല്ലെന്നു് ഒരു യുക്തിവാദി അട്ടഹസിച്ചാൽ അതിനെ നാം വകവച്ചു കൊടുക്കണമെന്നോ? "ഉപ്പും വിറകുമെടുക്കുന്നവനു് കർപ്പൂരത്തിൻ വിലയറിയാമൊ?" ഇംഗ്ലണ്ടിലെ ഒരു ഇംഗ്ലീഷു് പത്രത്തിൽ ഞാനൊരിക്കൽ വായിച്ചതാകുന്നു. നാസ്തികന്മാരോടുള്ള ഒരു വെല്ലുവിളി! ദൈവമില്ലെന്നും പ്രാർത്ഥന നിഷ്ഫലയോജനമെന്നും പറയുന്നവനു് നിങ്ങളും ജോർജ്ജ് മുള്ളറിന്റെ ജീവിതം നോക്കുവിൻ. അദ്ദേഹത്തിൽ പണമില്ലാതെയും, ഭ്രഷ്ടത്തില്ലാതെയും, പണത്തിനുള്ള അഭ്യർത്ഥനകൾ ചെയ്യാതെയും, വളരെ ആയിരം അനാഥക്കുട്ടികളെ പട്ടിണി കൂടാതെ വളരെക്കൊണ്ടും പ്രാർത്ഥന കേൾക്കുന്ന ദൈവത്തിലുള്ള ആശ്രയംകൊണ്ടും ജോർജ്ജ് മുള്ളർ സംരക്ഷിച്ചു. നാസ്തികന്മാരിൽ ആർക്കെങ്കിലും പ്രാർത്ഥനകൂടാതെയും, ദൈവാശ്രയമില്ലാതെയും, ഇതുപോലൊന്നും സൂക്ഷിച്ചു വെയ്ക്കാതെയും, ഭ്രഷ്ടത്തില്ലാതെയും, പിരിവുകൾ നടത്താതെയും, ധനാഭ്യർത്ഥനങ്ങൾ ചെയ്യാതെയും, വളരെക്കൊല്ലം അസംഖ്യം അനാഥക്കുട്ടികളെ മേൽപ്രകാരം പട്ടിണി കൂടാതെ സംരക്ഷിക്കാമൊ?

ദൈവം ഇല്ലെന്നു് 'മൂഢൻ' പറയുന്നതു മാത്രം ശരിയും, ദൈവത്തിന്റെ ശക്തികൾ അനുഭവപ്പെട്ടുത്തി മുമ്പോട്ടുപോയിട്ടുള്ള ഭക്തന്മാരുടെ പ്രസ്താവനകളെല്ലാം അസത്യവും അയിവരുമൊ? ദൈവം ഇല്ലെന്നു പറയുന്നതു് അനേകം ഭക്തന്മാരുടെ അനുഭവത്തിനു് തികച്ചും എതിരാണു്. അനുഭവമില്ലാത്ത 'മൂഢൻ' ജല്പിക്കുന്നതിൽ വിശ്വാസികൾ ഇളകേണ്ട ആവശ്യമില്ല.

ഒരു പഴയകുടുംബത്തിലെ പൂവ്വികൻ ന്യായമായി സമ്പാദിച്ചിട്ടുള്ള വസ്തുവകകൾക്കു് തക്കതായ പ്രമാണങ്ങൾ കുടുംബംവക ഇരുമ്പുപെട്ടിയിലിരിക്കുന്നുണ്ടു്. എന്നാൽ സന്താനങ്ങൾ ആ കുടുംബസ്വത്തിനെ അനുഭവിക്കുന്നതിനുമുമ്പായി ഈ പ്രമാണങ്ങളെല്ലാം പരിശോധിച്ചു് ശരിയാണൊ എന്നു് അറിയാറില്ല. വായ്മൊഴിയായി പരമ്പരയാ സ്വത്തുക്കളെപ്പറ്റി സന്താനങ്ങൾ അറിഞ്ഞിട്ടുള്ളതിനെ ദൃഢമായി വിശ്വസിച്ചു് അനുഭവിച്ചുപോരുകയാണു് ചെയ്യുന്നതു്. ക്രിസ്തീയസഭയെന്ന മഹാകുടുംബത്തിലെ വിശ്വാസസത്യങ്ങളെന്ന സ്വത്തുക്കൾ യേശുക്രിസ്തുമുതൽ അപ്പോസ്തലന്മാർ വഴി ഇന്നേയോളം സഭയിലെ പിന്തുടർച്ചാവകാശികളായ പ്രധാന മേല്പട്ടക്കാർ തുടർച്ചയായി സംരക്ഷിച്ചുപോരുന്നു. ഇങ്ങനെ ലഭിച്ചിരിക്കുന്ന ഈ സ്വത്തുക്കളെ ചോദ്യം ചെയ്യാതെ നിർഭയം അനുഭവിച്ചു് രക്ഷ അനുഭവപ്പെടുത്തുന്നതിനു് സത്യവിശ്വാസികൾക്കു് കർത്തവ്യമുണ്ടു്. തങ്ങളുടെ കുടുംബസ്ഥാപകനായ മ'ശീഹാ മുതൽ ഇന്നുവരെ നിലനിന്നുപോരുന്ന ഈ വിശ്വാസസമ്പത്തിന്റെ സംരക്ഷണത്തിൽ ധൈര്യമായി വിശ്വാസികൾ ഒരു ഉറച്ച നില അവലംബിച്ചുകൊള്ളാം. ദൈവവിശ്വാസം എന്ന സമ്പാദ്യം അന്യായമായി നമ്മുടെകുടുംബസ്ഥാപകനായ മ'ശീഹാ ഉണ്ടാക്കിയിട്ടുള്ളതല്ല. തക്കതായ പ്രമാണങ്ങളോടുകൂടി താൻ സമ്പാദിച്ചു് നമുക്കായി തന്നിട്ടുള്ളതാകുന്നു. അതിൽ നാം സ്ഥിരമായി നിലനില്ക്കുതന്നെ ചെയ്യും.

(തുടരും)

യേശുവിന്റെ പരീക്ഷകൾ

(എ. ജി. ഇട്ടുപ്പ്, ആത്തുങ്കൽ)

(ഗാഥ)

സാത്താൻ:—

"ക്ഷത്തുകൊണ്ടേററം വലഞ്ഞുഞാനെന്നിയെ,
ഭക്താ! നീയൊക്കുന്നുണ്ടക്കാര്യത്തിൽ
ദൈവസുതനെന്നു ചൊല്ലും നിനക്കിപ്പോൾ
കല്ലുകളപ്പമായ് തീർക്കാമല്ലൊ."

യേശു:—

"മാനവപുത്രനൊ അപ്പത്തെക്കൊണ്ടല്ലാ
ഭൂമിയിൽ എപ്പോഴും ജീവിപ്പതു്.
ന്യായപ്രമാണത്തിൽ കാണുന്നതെന്തെന്നു്
ന്യായമായ് തന്നെ നീ നോക്കീടുക.
ഈശൻതിരുവായിൽ നിന്നുൽഗമിക്കുന്ന
സത്യവചനങ്ങൾ മൂലമത്രെ"

സാത്താൻ:—

"ദൈവസുതനെങ്കിൽ ചാടുകനീയിപ്പോൾ,
ദൈവാലയത്തിന്റെ അങ്കണത്തിൽ
പൊക്കത്തിലേററവും കൂടുതലെങ്കിലും
ലേശം ഭയമതിലേശിടേണ്ട.
കേടൊന്നുംകൂടാതെ കാത്തിടാൻ നിൻതാതൻ,
കല്പനയേകിടും ദൂതന്മാർക്കു്.
ന്യായപ്രമാണത്തിൽ വിശ്വസിച്ചീടും നീ,
ന്യായമായിട്ടിതും വിശ്വസിയ്ക്ക."

യേശു:—

"ന്യായപ്രമാണത്തെ വായിച്ചുനോക്കുകിൽ
കണ്ടീടാം നല്ലോരപ്പുസ്തകത്തിൽ
നിന്നുടെ ദൈവമാം കർത്താവിനെ നീയൊ-
രിയ്ക്കലും ശോധന ചെയ്യരുതേ."

സാത്താൻ:—

"നോക്കുക നീയിപ്പോൾ ചുററിലുമായിട്ടു്
രമ്യമാം നല്ലൊരു നെൽപാടങ്ങൾ
സൗധങ്ങളായിടും കൊട്ടാരംതൊട്ടുള്ള-
ദൈവാലയങ്ങളും, സത്രങ്ങളും,
കാമ്യമാംപൂക്കൾ വഹിയ്ക്കുന്ന വൃക്ഷങ്ങൾ
കൂട്ടമായ് കാണുന്ന തോട്ടങ്ങളും,
റോഡുകൾതോറുമേ നൂതനമായുള്ള
വണ്ടികൾ മാത്രമേ കാണുന്നുള്ളു
എന്തൊരു സൗഭാഗ്യമുണ്ടെനിക്കോതിടാൻ
എന്നുടെ സ്വന്തമക്കാണ്മതെല്ലാം
എന്നെ വീണൊന്നുനീ കുമ്പിട്ടുവെങ്കില-
ക്കാണുംസൗഭാഗ്യങ്ങൾ നിന്റേതത്രെ!"

യേശു:—

"സാത്താനേ! നീയെന്നെ വിട്ടുപോ, വിട്ടുപോ,
ഒന്നുമേനീയിപ്പോൾ ചൊൽകവേണ്ട
ന്യായപ്രമാണത്തിൽ കാണുന്നു നിന്നുടെ
ദൈവത്തെ മാത്രമേ, കുമ്പിടാവൂ
തെല്ലുംനീ ചൊല്ലേണ്ട വീരപ്രമാദങ്ങൾ
സർവ്വവും സൃഷ്ടിച്ചതീശ്വരൻ താൻ."

✻

മാറാനായ പെരുന്നാളുകൾ

(എം. ഐ. ചാക്കപ്പൻ, മേനോത്തുമാലിൽ, കുറുപ്പംപടി)

ഓട്ടംതുള്ളൽ.

മാറാനായത്തിരുനാളുകളേ
മാറാതറിവാൻ മാർഗ്ഗമുരയ്ക്കാം
1. ചിങ്ങമൊരാറിൽ താബോർമലമേൽ
തിങ്ങിനപ്രഭയാൽയേശുവിളങ്ങി.
2. കന്യകമാതാ ചിങ്ങമതിൽപ്പതി-
നഞ്ചാം തീയതി വാങ്ങിപ്പോയി.
3. കന്നിപതിന്നാ-ലീശൻ കുരിശിൽ
അതിശയകൃത്യം കണ്ടേലേനീ.
4. ധനുവിരുപത്ത-ഞ്ചാകുംനാളിൽ
മനുകുലരക്ഷകനേശുപിറന്നു.
5. ആറാംതീയതി മകരംദനഹാ
മോറാൻതന്നുടെ മാമ്മോദീസാ.
6. കുംഭംരണ്ടിൽ പള്ളിയകത്തു്
കുഞ്ഞേശുവിനെക്കാഴ്ചയണച്ചു.
7. മീനമൊരിരുപത്തഞ്ചിൽ കന്യക
വാനവനരുളാൽ ഗർഭിണിയായി.
8. സ്വർഗ്ഗാരോഹ്ണമുയർപ്പുകഴിഞ്ഞു്
നാല്പതുദിവസം തികയുംനാളിൽ.
9. ഇരുപത്തൊൻപതു് മിഥുനംപത്രോസ്
പൌലോസെന്നിവർ കൊല്ലപ്പെട്ടു.
10. കർക്കടമാസം മൂന്നാംതീയതി
മാർത്തോമായുടെയോർമ്മയുമിങ്ങനെ
പത്തുപെരുന്നാളുത്തമരെല്ലാം
സ്വസ്തദിനംപേൽ കാത്തീടേണം.

സുകൃതനടപടികൾ

P. C. A.

1. പ്രതിദിനം രാവിലെയും വൈകുന്നേരവും രഹസ്യ പ്രാർത്ഥനയിൽ നിഷ്ഠയുള്ളവരായിരിക്കണം.
2. വെറും അലസതയിൽ നാം ഒരു നിമിഷംപോലും ചെലവഴിക്കരുതു്.
3. മിതത്വം, വിശുദ്ധി എന്നിവയുടെ സീമയെ അതിലംഘിച്ചുള്ള സ്വാഭാവിക മോഹങ്ങളെ നിയന്ത്രിക്കണം.
4. കോപത്തിൽനിന്നും വിദ്വേഷത്തിൽനിന്നും ഉളവാകുന്ന സർവ്വവിധ വികാരങ്ങളേയും നാം അമർച്ച ചെയ്യണം.
5. കീർത്തിസമ്പാദനത്തിനായൊ അതിമോഹത്താൽ പ്രേരിതനായൊ യാതൊന്നും നാം പ്രവർത്തിക്കരുതു്.
6. ദൈവത്തിനു് പ്രസാദകരമല്ലാത്തതായ യാതൊരു കർമ്മപരിപാടിയിലും നാം ഏർപ്പെടരുതു്.
7. സ്വകർത്തവ്യനിർവ്വഹണത്തിനു ബാധകമാകാതെ അന്യരുടെ നന്മയെ കരുതി സ്വല്പമായ ത്യാഗമെങ്കിലും സഹിക്കുന്നതിനുള്ള സുവർണ്ണാവസരങ്ങളെ നാം പാഴാക്കരുതു്.
8. സർവ്വവിധ നഷ്ടത്തിലും ക്രിസ്തുവിന്റെ നാമത്തിനുവേണ്ടിയും സുവിശേഷഘോഷണത്തിനുവേണ്ടിയും അനുഭവിക്കേണ്ടിവരുന്ന ക്ലേശങ്ങളിൽ നാം ആഹ്ലാദിക്കുവാൻ ശ്രമിക്കണം.
9. പരാജയമാണെന്നു് ഒരിക്കലും പറയരുതു്.
10. നിസ്സാരകാരണങ്ങൾ ചിലപ്പോൾ വൻകാര്യങ്ങളെ ഉല്പാദിപ്പിക്കുന്നുവെന്നുള്ളതു് നാം വിസ്മരിക്കരുതു്.

✻

പുതിയ നിയമ വ്യാഖ്യാനം.

(5-ാം ലക്കത്തിൽനിന്നും തുടർച്ച.)

വി: മത്തായി

അദ്ധ്യായം രണ്ടു്.

വാക്യം 15:— "മെസ്രേനിൽനിന്നു് എന്റെ പുത്രനെ ഞാൻ വിളിച്ചു," എന്നു കർത്താവു് ദീർഘദർശി മുഖാന്തിരം പറഞ്ഞിട്ടുള്ളതു് നിവർത്തിക്കപ്പെടുമാറു് ഹേറോദേസിന്റെ മരണംവരെ അദ്ദേഹം അവിടെ താമസിക്കയും ചെയ്തു.

ഹോശ. 11: 1-ലാണു് ഈ പ്രവചനം പറഞ്ഞിട്ടുള്ളതു്. മത്താ. 2: 13-15-ൽ മെസ്രേനിലേക്കുള്ള (എജിപ്ത്) ഓടിപ്പോക്കിനെപററി പറയുന്നു. ഈ ഓടിപ്പോക്കിന്റെ കാര്യം വി. മത്തായി മാത്രമെ എഴുതിയിട്ടുള്ളു. മെസ്രേൻദേശം റോമാചക്രവർത്തിയുടെ കീഴിൽ ഒരു ദേശാധിപതി ഭരിച്ചിരുന്നു. ഹേറോദേസിനു് അവിടെ അധികാരമൊന്നും ഉണ്ടായിരുന്നില്ല. അക്കാലത്തു് മെസ്രേനിൽ പത്തു ലക്ഷത്തോളം യഹൂദന്മാർ വസിച്ചിരുന്നതായി കാണുന്നു. താൻ മെസ്രേനിലേക്കു പ്രവേശിച്ചപ്പോൾ വിഗ്രഹങ്ങൾ വീണു തകർന്നതായി ഐതിഹ്യമുണ്ടു്. ഇസ്രായേൽജനത്തെ മെസ്രേനിൽനിന്നും മോശ മുഖാന്തിരം വിളിച്ചുകൊണ്ടുവന്നതും മ്ശീഹായെ മെസ്രേനിൽനിന്നു് വിളിച്ചുകൊണ്ടുവന്നതും തമ്മിലുള്ള ഐകരൂപ്യം ഇവിടെ സുവിശേഷകൻ കാണിച്ചുതരുന്നു. ഹോശയാ ദീർഘദർശിയുടെ മേലുദ്ധരിച്ച വാക്യം ഒന്നാമതു് ഇസ്രായേൽമക്കളെ കൊണ്ടുവന്നതിനെ ഉദ്ദേശിച്ചാണു്. എന്നാൽ അതിന്റെ ഭാവിയർത്ഥം മ്ശീഹായെ മെസ്രേനിൽനിന്നും വിളിക്കുന്നതാകുന്നു.

ഹേറോദേസിന്റെ മരണംവരെ മെസ്രേനിൽ പാർത്തു:— ഹേറോദേസിന്റെ മരണം B C. 4-ൽ എന്നു പറയുന്ന ചില ചരിത്രരേഖ സ്വീകരിക്കയും കർത്താവു് 3 കൊല്ലം മെസ്രേനിൽ പാർത്തുവെന്നുള്ള മോർത്തോമാഹർക്കലോയോയുടെ അഭിപ്രായം സമ്മതിക്കയും ചെയ്യുന്നപക്ഷം കർത്താവിന്റെ ജനനം B. C. 4-നു മുമ്പാണെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു.

വാക്യം 16:— അപ്പോൾ ഹേറോദേസു് താൻ ജ്യോതിശാസ്ത്രജ്ഞന്മാരാൽ നിന്ദിക്കപ്പെട്ടു എന്നറിഞ്ഞിട്ടു് ഏററവും കോപിക്കയും അവരിൽനിന്നും അറിഞ്ഞ കാലമനുസരിച്ചു് ബേത്ലഹേമിലും അതിന്റെ സകല അതിരുകളിലും ആളയച്ചു്, രണ്ടു വയസ്സിനു താഴെ പ്രായമുള്ള ആൺകുട്ടികളെയെല്ലാം വധിപ്പിക്കയും ചെയ്തു.

വാക്യം 17:— "റൊമ്തോയിൽ വലിയ രോദനത്തിന്റെയും വിലാപത്തിന്റെയും ശബ്ദം കേൾക്കപ്പെട്ടു. റാഹേൽ സ്വസന്താനങ്ങളെക്കുറിച്ചു് കരയുന്നു. അവൾ സമാശ്വസനത്തെ ഇഷ്ടപ്പെടുന്നില്ല; എന്തന്നാൽ അവർ ഇല്ലായ്മപ്പെട്ടുപോയിരിക്കുന്നു.

വാക്യം 18:— എന്നു് ഏറമിയാ ദീർഘദർശിയാൽ പറയപ്പെട്ടിട്ടുള്ളതു് അപ്പോൾ നിറവേറി.

'എറമിയ'. 31: 15.

മത്തായി 2: 16—18-ൽ ബേത്ലഹേമിലെ ശിശുക്കളുടെ വധത്തെപ്പറ്റി എഴുതിയിരിക്കുന്നു. ഹേറോദോരാജാവു് ഇസ്രായേലിന്റെ വീണ്ടെടുപ്പുകാരനായ മോശയെ നശിപ്പിപ്പാനെടുത്ത വ്യർത്ഥമായ ശ്രമവും, ഹേറോദാവിന്റെ ഈ കൃത്യവും തമ്മിലുള്ള ഐകരൂപ്യം ചിന്തിച്ചുനോക്കുക. യേശുമ്ശീഹായെപ്രതി വധിക്കപ്പെട്ട ഈ നിർമ്മലശിശുക്കളുടെ പെരുന്നാൾ ധനു 27-ാംനു സഭ ആചരിച്ചുവരുന്നു. കത്താവിന്റെ രണ്ടാമത്തെ വയസ്സിൽ മ്ഗുശന്മാർ വന്നുവെന്നാണു് മാർ അപ്രേമും, മാർ എവുസേബിയോസ്സും പറയുന്നതു്. സുറിയാനി വ്യാഖ്യാനത്തിൽനിന്നും ബ: കോനാട്ടു് വലിയ മല്പാനച്ചന്റെ തർജ്ജിമ: "മ്ശീഹാ ജനിച്ചിട്ടു് 40 ദിവസം ബേത്ലഹേമിൽ പാർത്തു. ഉടനെ ഊർശ്ലേമിലേക്കു് പോയി കാഴ്ചയണച്ചു. ഊർശ്ലേമിൽനിന്നും നൊസ്രാത്തിലേക്കു പോയി. ഒന്നാമത്തെ സംവത്സരത്തിന്റെ അന്ത്യത്തിൽ പിന്നെയും ഊർശ്ലേമിലേക്കു വന്നു. അവിടെനിന്നും നൊസ്രാത്തിലേക്കു പോയി. രണ്ടാംസംവത്സരത്തിന്റെ അന്ത്യത്തിൽ നൊസ്രാത്തിൽനിന്നു് ഊർശ്ലേമിലേക്കും അവിടെനിന്നു് ബേത്ലഹേമിലേക്കും പോയി. അവിടെവെച്ചാണു് മ്ഗുശന്മാർ വന്ദിച്ചതും കാഴ്ചവച്ചതും. ബേത്ലഹേമിൽനിന്നും വി: മത്തായി പറയുന്നപ്രകാരം മെസ്രേനിലേക്കു പോയി—"

കൊല്ലപ്പെട്ട കുട്ടികളെല്ലാം യഹൂദകുട്ടികളും കത്താവിനുവേണ്ടി കൊല്ലപ്പെട്ടവരും ആകകൊണ്ടു് അവർ ദൈവത്തിനും കുഞ്ഞാടിനും ആദ്യവിളവായിരുന്നു. മനസ്സിലല്ലെങ്കിലും ക്രിയയിൽ അവർ രക്തസാക്ഷികൾ തന്നെ. തങ്ങൾ ആരുടെ പേർക്കു് മരിച്ചുവൊ ആയവൻ മൂലം അവർ ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പാകെ കുറവില്ലാത്തവരാകുന്നു.

അന്ധവിശ്വാസിയായ ഹേറോദേസ് ദൈവനിശ്ചയത്തെ അവന്റെ സാമർത്ഥ്യംകൊണ്ടു് പരാജയപ്പെടുത്താമെന്നു വിചാരിച്ചു. എന്നാൽ മനുഷ്യന്റെ അധികാരവും, സാമർത്ഥ്യവും, കോപവും യുക്തിയുംകൊണ്ടു് ദൈവത്തിന്റെ ആലോചനയെ വിഫലമാക്കുവാൻ സാധിക്കുകയില്ലെന്നു് നാം കണ്ടറിഞ്ഞുകൊള്ളണം.

17—ം 18—ം വാക്യങ്ങൾ വീണ്ടും വായിക്കുക.

റൊമ്തൊ എന്നും റാമാ എന്നും പറയുന്നതു് ഒരു സ്ഥലം തന്നെയാണു്. ഇവിടെ ഉല്ലരിച്ചിരിക്കുന്ന പ്രവചനവാക്യം എറമിയാ 31: 15-ആകുന്നു. എറമിയാ 31: 16—ം 17—ം വാക്യങ്ങൾകൂടി തുടർന്നു വായിക്കുക. അപ്പോൾ പ്രവചനത്തിന്റെ യഥാർത്ഥം ഗ്രഹിക്കാം. ഇസ്രായേൽമക്കളെ ബാബേലിലേക്കു് അടിമയായി കൊണ്ടുപോയതിനെക്കുറിച്ചത്രെ എറമിയാ അവിടെ പറയുന്നതു്. അതെ വാക്യംതന്നെ ബേത്ലഹേമിലെ ശിശുവധത്തിലും യോജിക്കുന്നു. യൌസേപ്പിന്റെയും ബന്യാമിന്റെയും മാതാവായ റാഹേലിനെ അടക്കം ചെയ്തിരിക്കുന്നതു് റാമായ്ക്കും ബേത്ലഹേമിനും മദ്ധ്യേ ആയിരുന്നതുകൊണ്ടും (ഉല്പ: 35:9; 48: 7-ം കാണുക). റാമാ ബന്യാമിൻകാരുടെ നിവാസസ്ഥലമായിരുന്നതുകൊണ്ടും ബന്യാമിന്റെ അമ്മ ആത്മാവിൽ കരയുന്നതായി സൂചിപ്പിക്കുന്നു. മരിച്ചുപോയ പൂർവ്വികർ നമ്മോടുകൂടെ സഹതപിക്കുന്നതായി ഇവിടെ സൂചനയുള്ളതു് പ്രത്യേകം ശ്രദ്ധേയമാണു്.

മത്താ: 2: 19—23. തിരുക്കുടുംബം നസ്രേത്തിൽ താമസമുറപ്പിക്കുന്നു.

വാക്യം 19:— അനന്തരം ഹേറോദേസ് രാജാവു് മരിച്ചു. അതിനുശേഷം കത്താവിന്റെ ദൂതൻ മെസ്രേനിൽവച്ചു് യൌസേപ്പിനു് സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുകയും;

വാക്യം 20:— "അവനോടു് എഴുന്നേല്ക്ക; കുട്ടിയേയും അതിന്റെ മാതാവിനേയും കൂട്ടിക്കൊണ്ടു് ഇസ്രായേൽദേശത്തേക്കു് തിരിച്ചുപോവുക. എന്തെന്നാൽ കുട്ടിയുടെ പ്രാണനെ അന്വേഷിച്ചുകൊണ്ടിരുന്നവർ മരിച്ചുപോയിരിക്കുന്നു" എന്നു് പറയുകയും ചെയ്തു.

വാക്യം 21:— യൌസേപ്പു് എഴുന്നേറ്റു് കുട്ടിയേയും മാതാവിനേയും കൂട്ടിക്കൊണ്ടു് ഇസ്രായേൽദേശത്തെത്തുകയും ചെയ്തു.

വാക്യം 22:— യീഹൂദിൽ അർക്കേലാവോസ്, സ്വപിതാവായ ഹേറോദേസിനു പകരം രാജാവായിരിക്കുന്നുവെന്നു് കേട്ടപ്പോൾ അങ്ങോട്ടു കടക്കുവാൻ യൌസേപ്പു ഭയപ്പെട്ടു. അങ്ങിനെയിരിക്കെ ഗ്ലീലാ ദേശത്തേക്കു് പൊയ്ക്കൊള്ളണമെന്നു് അദ്ദേഹത്തിനു് സ്വപ്നത്തിൽ ദർശനമുണ്ടായി.

വാക്യം 23:— "അദ്ദേഹം നൊസ്രായക്കാരൻ എന്നു് വിളിക്കപ്പെടുമെന്നു" ദീർഘദർശിയാൽ പറയപ്പെട്ടതു് സാധിക്കപ്പെടുമാറു് അദ്ദേഹം നൊസ്രായു് എന്ന വിളിക്കപ്പെടുന്ന പട്ടണത്തിൽ ചെന്നു പാർത്തു.

ഹേറോദോരാജാവു് അസൂയയുടേയും ക്രൂരതയുടേയും പ്രവൃത്തിയായ ശിശുവധത്തിന്റെ ശേഷം മഹാവ്യാധിയാൽ വേഗംതന്നെ മരിച്ചു. സ്വപ്നത്തിൽ വീണ്ടും അരുളപ്പാടുണ്ടായെന്നു് 19-ാംവാക്യത്തിൽ കാണുന്നു. സ്വപ്നംമൂലമുള്ള വെളിപാടുകൾ ഈ സുവിശേഷത്തിന്റെ 1—ം 2—ം അദ്ധ്യായങ്ങളിൽ പലവട്ടം കാണുന്നതു് ശ്രദ്ധിക്കുക. സ്വപ്നത്തിലെ നടത്തിപ്പനുസരിച്ചു് തിരുക്കുടുംബം ഇസ്രായേൽദേശത്തേക്കു വന്നുവെങ്കിലും യഹൂദ്യായിലെ പരിതസ്ഥിതികൾ തൃപ്തികരമല്ലാതിരുന്നതുകൊണ്ടു് സ്വപ്നത്തിലെ നടത്തിപ്പനുസരിച്ചതന്നെ ഗ്ലീലായിലെ നസ്രേത്തിലേക്കു പോയി. യഹൂദ്യായിൽ ഹേറോദേസിന്റെ മകൻ ധൂർത്തനും, നിഷ്ഠുരനുമായിരുന്ന അർക്കേലാവോസു് ഭരിച്ചിരുന്നതുകൊണ്ടാണു് യഹൂദ്യായിലേക്കു പോകാഞ്ഞതു്.

"കുട്ടിയുടെ പ്രാണനെ അന്വേഷിച്ചുകൊണ്ടിരുന്നവർ മരിച്ചുപോയിരിക്കുന്നു" എന്ന ദൂതവാക്യവും പുറ: 4: 19-ൽ "നിനക്കു് ജീവഹാനി വരുത്തുവാൻ നോക്കിയവർ എല്ലാവരും മരിച്ചുപോയി" എന്നു് ദൈവം മോശയോടു് മിദ്യാനിൽവച്ചു് അരുളിച്ചെയ്തതും സാമ്യമായി കാണുക.

കത്താവു് മെസ്രേനിലേക്കു പോയപ്പോൾ രണ്ടു വയസ്സുകാരനായിരുന്നുവെന്നും, മെസ്രേനിൽ 3 സംവത്സരം താമസിച്ചുവെന്നും, നസ്രേത്തിൽ 25 സംവത്സരം താമസിച്ചുവെന്നും മാർ തോമാ ഹർക്കേലയൊ എന്ന പിതാവു് പറയുന്നു.

23-ാം വാക്യത്തിന്റെ വ്യാഖ്യാനം പ്രയാസമേറിയതാണു്. നമ്മുടെ പുസ്തകത്തിൽ "ദീർഘദർശിയാൽ" എന്ന ഏകവചനവും ഇംഗ്ലീഷു് ബൈബിളിൽ ബഹുവചനവും പറഞ്ഞിരിക്കുന്നു. എന്നാൽ ഇങ്ങനെയൊരു പ്രവചനവാക്യം പഴയനിയമത്തിൽ ഇല്ല. പിന്നെ ഏതുകൊണ്ടു് ഇപ്രകാരം എഴുതി? പ്രവചനങ്ങളുടെ പൊരുളറിയുള്ള താൽപര്യത്തെ ഉദ്ദേശിച്ചു് എഴുതിയതാണെന്നു വിചാരിക്കാം. "നൊസ്രായക്കാരൻ" (നസറായൻ) എന്നുള്ളതു് യഹൂദന്മാരുടെയിടയിൽ നിന്ദ്യമായ പേരായിരുന്നു. നസ്രേത്തു് എന്ന ഗ്രാമത്തിന്റെ പേർ പഴയ നിയമത്തിൽ പറഞ്ഞിട്ടുപോലുമില്ല. ഈ ഗ്രാമത്തിനു് യാതൊരു വിശേഷതയും ഉണ്ടായിരുന്നില്ല. കത്താവിന്റെ താഴ്ന്ന സ്ഥിതിയെപ്പറ്റി ദീർഘദർശനങ്ങളിൽ പറയുന്നുണ്ടു്. അതിനെ സൂചിപ്പിച്ചുകൊണ്ടു് എഴുതിയതായിരിക്കാം. രണ്ടാമതൊരു വ്യാഖ്യാനം പറയുന്നതു് പഴയനിയമത്തിൽ മ്ശീഹായെ "മുള" അഥവാ "ശാഖ" എന്നു അർത്ഥത്തിൽ പറഞ്ഞിട്ടുണ്ടു്. (ഏശാ: 4: 2; എറമിയാ 23: 5; സഖറി: 3: 8; 6: 12) "മുള"ക്കു് എബ്രായപദം "നേസർ" (ഏശാ: 11: 1) എന്നാണു്. 'നസ്രേത്തു്' എന്ന പദം 'നേസർ' എന്നതിൽനിന്നാണു് ഉത്ഭവിച്ചതു്. 'നസ്രേത്തു്' എന്നുവച്ചാൽ 'മുളകളുടെ പട്ടണം' എന്നർത്ഥമാകും. നസ്രേത്തുകാരൻ എന്നതിനു് മുളകളുടെ പട്ടണക്കാരനെന്നു അർത്ഥം വരും. ഈ വിധത്തിൽ നസ്രായൻ എന്നതിനു് 'മുള' അല്ലെങ്കിൽ "ശാഖ" എന്ന ധ്വനിയുണ്ടാകും. മൂന്നാമതൊരു വ്യാഖ്യാനമുണ്ടു്. അതായതു് യഹൂദന്മാരുടെ ഇടയിൽ മ്ശീഹായെപ്പറ്റി എഴുതപ്പെടാത്ത ദീർഘദർശനങ്ങൾ പാരമ്പര്യമായി ലഭിച്ചിട്ടുണ്ടായിരിക്കാം. ഗ്ലീഹാ യഹൂദ ക്രിസ്ത്യാനികൾക്കായി ഈ സുവിശേഷം എഴുതുന്നതിനാൽ പാരമ്പര്യമായി അവർക്കറിയാവുന്ന ദീർഘദർശനത്തിന്റെ നിവർത്തി യേശുവിൽ നിറവേറിയെന്നു് കാണിക്കുന്നതായിരിക്കാം.

മത്തായി 2-ാംഅദ്ധ്യായം, ലൂക്കോ. 2: 38-നും 39-നും മദ്ധ്യേ സംഭവിച്ചിട്ടുള്ളതാണു്.

വി. പൌലോസിന്റെ ജീവചരിത്രം.

(ശൗലിന്റെ മാനസാന്തരം തുടർച്ച)

(6-ാംലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയതിനെ തുടർന്നും, 7-ാംലക്കത്തിലുള്ളതിനു മുമ്പായും ചേർത്തു വായിക്കേണ്ടതു്)

(നെടുന്തള്ളിൽ ഗീവറുഗീസു് കത്തനാർ.)

ഈ വേദഭാഗങ്ങളെല്ലാം നല്ലവണ്ണം പഠിച്ചിട്ടുള്ള ശൌൽ ഇവയെക്കുറിച്ചു് ചിന്തിപ്പാൻ തുടങ്ങി. ക്രൂശിക്കപ്പെട്ട യേശു, മ്ശീഹായാണൊ? തന്റെ ഈ മഹൽ വെളിപാടാൽ ന്യായപ്രമാണം അസാധുവാകപ്പെട്ടുവോ? അങ്ങിനെയെങ്കിൽ ഞാൻ ദൈവത്തോടു മത്സരിക്കയല്ലൊ ചെയ്യുന്നതു്? ഒരു സത്യം അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷമായി നിന്നു:- അദ്ദേഹം അനേകനാളായി അന്വേഷിക്കുന്ന സമാധാനം, ഐഹികത്തെക്കുറിച്ചുള്ള എടുത്തുകളുവാൻ പാടില്ലാത്ത സന്തോഷകരവും വിജയകരവുമായ സമാധാനം, സ്തേഫാനോസു് മാത്രമല്ല, യേശുവിനെ അനുകരിക്കുന്ന ജനസംഘമെല്ലാം ക്രിസ്തുയേശുവിൽ കണ്ടെത്തിയിരിക്കുന്നു. താൻ പീഡിപ്പിച്ചു ശിക്ഷിച്ചവരെല്ലാം എത്ര സമാധാനത്തോടും സന്തോഷത്തോടുകൂടി അതിനെ സഹിച്ചിരിക്കുന്നു! അവർതന്നെയും എത്ര നല്ല ജീവിതക്കാരായിരുന്നു? അവരെല്ലാം അന്ധകാരപക്ഷ

ക്കാരെന്ന വിചാരിക്കുന്നതെങ്ങിനെ? എന്നെല്ലാം അദ്ദേഹം ആഴമായി ചിന്തിപ്പാൻ തുടങ്ങി. കൂടാതെയും യേശുക്രിസ്തുവിന്റെ നാമത്തിൽ അപ്പൊസ്തോലർ അവിതർക്കിതങ്ങളായ അത്ഭുതങ്ങളും പ്രവർത്തിക്കുന്നു. ഉയിർപ്പിന്റെ കഥ വാസ്തവമല്ലെ? കുരിശിക്കപ്പെട്ടവൻ വാസ്തവത്തിൽ ദൈവത്തിൻ വലത്തുഭാഗെ ഇരിക്കുന്നവോ? തന്റെ ആ മഹത്വം തന്നെയല്ലയൊ പ്രധാനാചാര്യന്റെ മുമ്പിൽവെച്ച് സ്തെഫാനോസിന്റെ മുഖത്തു പ്രശോഭിച്ചതും, കല്ലേറുകാണ്ടപ്പോൾ പ്രാർത്ഥിപ്പാൻ സഹായിച്ചതും? ഈ ഒരു സംഭവം മരണപര്യന്തം ശൗലിന്റെ മനസ്സിൽനിന്നും മാഞ്ഞുപോയില്ല. ഇതാണു് മറെറല്ലാറിനേക്കാളും ശൌലിന്റെ ജീവിതസന്ധിയെ തീവ്രപ്പെടുത്തിയതു്. വി. ആഗസ്തീനോസു് പറയുന്നതു്: "സ്തെഫാനോസു് അങ്ങിനെ പ്രാർത്ഥിച്ചില്ലായിരുന്ന എങ്കിൽ, പൌലോസു് ഇന്നു് സഭക്കില്ലാതിരുന്നേനെ" എന്നാണു്.

ചിന്താനിമഗ്നനായിരുന്ന ശൌലും അനുചരന്മാരും, ദമസ്കൂസിനു പത്തുമൈൽ തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന, കൊക്കാബാ എന്ന ഗ്രാമത്തിൽ എത്തി. ദമസ്കോസു് അദ്ദേഹത്തിനു് കാണാമായിരുന്നു. പുരാതന സിറിയൻ തലസ്ഥാനമായ ദമസ്കോസ് ലോകത്തിലെ ഒരു ഏററവും പുരാതനനഗരമാകുന്നു. ഏടനിൽ നിന്നും പുറത്താക്കപ്പെട്ടശേഷം ആദാമും ഹവ്വായും വന്ന പാർത്തതു് ഇവിടെയാകുന്നുവെന്നും ദമസ്കോസിലെ മൈതാനം കായേൻ ഹാബേലിനെ കൊന്ന സ്ഥലമാണെന്നും യഹൂദരുടെ ഇടയിൽ ഒരു പൂർവ്വികപുരാണമുണ്ടു്. ഇതു് അബ്രാഹാമിന്റെ കാലത്തുണ്ടായിരുന്നു. ഉല്പ. (14-15) ഏലിയാസാർ ഇതിന്റെ സ്ഥാപകനെന്നു് പിന്നീടുള്ള ഒരു പാരമ്പര്യം പറയുന്നു. (ഉല്പ:15:2) നാലായിരം സംവത്സരക്കാലംകൊണ്ടു് ലോകത്തിൽ സംഭവിച്ചിട്ടുള്ള മാററങ്ങളെ മാത്രമല്ലാ, സമപുരാതനത്വമുള്ള സകല നഗരങ്ങളേയും അതിലംഘിച്ചു് അതു് ഇപ്പോഴും ലോകത്തിൽ നിലനില്ക്കുന്നു.

മരുഭൂമിയുടെ നിരയിൽ നിന്നു് കുറെ ഉള്ളിക്കുമാറി ഫലപുഷ്ടിയുള്ള ഒരു മനോഹരമൈതാനത്തു്, സ്ഥിതിചെയ്യുന്നതായ ഈ പട്ടണം അബ്ബാനാ, ബറാദാ എന്നീ നദികളാൽ നനക്കപ്പെട്ടും പടിഞ്ഞാറു് ഹെർമ്മോൻ മലയാലും ആൻറിലബാനോൻ നിരകളാലും ആവൃതമായും ഇരിക്കുന്നു. മെഡിറേറനിയൻ നിരപ്പിൽനിന്നു് 2300 അടി ഉയരത്തിലാകയാൽ ഇതിന്റെ ശീതോഷ്ണാവസ്ഥ വളരെ ആകർഷണീയമാണു്. കിഴക്കുനിന്നുള്ള യാത്രാസംഘത്തിന്റെ പ്രധാന സ്റ്റേഷനായ ഇതിന്റെ മനോഹരതപം ലോകം അതിശയിക്കത്തക്കതത്രെ. "മഹത്വപട്ടണം, എന്റെ ആനന്ദപുരി" എന്നു് യരമിയാ പറയുന്നു. [യരമി. 49:25.] ലോകത്തിലെ നാലു പരദീസാകളിലൊന്നു് എന്നു് അറബികൾ ഇന്നുവരെ അതിനെക്കുറിച്ചു പറയുന്നുണ്ടു്. സിറിയായുടെ തലസ്ഥാനമായിരുന്ന ഇതു് അറബികളുടെ കീഴിൽ വരികയും പോംപി ഇതിനെ റോമാസാമ്രാജ്യത്തോടു ചേർക്കയും ചെയ്തു. (ബി. സി. 62—64).

എന്നാൽ റോമാ മേൽക്കോയ്മയിൻ കീഴിൽ അബ്രാഹാമ്യർതന്നെ അതിനെ ഭരിച്ചുകൊള്ളുന്നതിനു് റോമാ അനുവദിച്ചിരുന്നതിനാൽ ശൌലിന്റെ കാലത്തു് ദമസ്കോസു് ഭരിച്ചിരുന്നതു് അരേത്താസു് എന്ന രാജാവായിരുന്നു. നാട്ടുകാർ സുറിയാനിക്കാർ ആയിരുന്നെങ്കിലും യഹൂദന്മാരും കച്ചവടത്തിന്നായി അവിടെ കുടിയേറിയിരുന്നു. അവർക്കു് അവിടെ ഉണ്ടായിരുന്ന സിനഗോഗുകളിലേക്കാണു് ശൌൽ നിയുക്തനായതു്.

മനോഹരമായ ദമസ്കോസു് ശൌലിന്റെ ദൃഷ്ടിപഥത്തിൽ പെട്ടെങ്കിലും അദ്ദേഹം ചിന്താഭരിതനായിരുന്നതിനാൽ അതൊന്നും അദ്ദേഹത്തെ സന്തോഷിപ്പിച്ചില്ല. യാത്രാമദ്ധ്യേ പെട്ടന്നു ഒരു ദിവ്യവെളിച്ചം അവരെ ചുററി മിന്നി അവർ എല്ലാവരും നിലംപതിച്ചു. കൂടെ ഉണ്ടായിരുന്നവർ കുറെ കഴിഞ്ഞപ്പോൾ എഴുന്നേററു. എന്നാൽ ശൌലിനു മഹത്വീകരിക്കപ്പെട്ട മ്ശീഹാ പ്രത്യക്ഷനായി. ഇതു് സത്യമായ ഒരു പ്രത്യക്ഷദർശനമായിരുന്നു. ചിലർ പറയുംപോലെ ഒരു മായക്കാഴ്ചയല്ലായിരുന്നു. അദ്ദേഹം അതു പൂർണ്ണമായി വിശ്വസിക്കുകയും വ്യക്തമായി സാക്ഷിക്കയും ചെയ്തു. പൌലോസു് ക്രിസ്തുവിനെ കണ്ടിട്ടില്ലാത്തതിനാൽ ആദ്യഅപ്പൊസ്തോലന്മാരേക്കാൾ കുറവുള്ളവനാണെന്നു ചിലർ വാദിച്ചപ്പോൾ, കർത്താവിനെ താൻ കണ്ടു എന്നും അപ്പൊസ്തോലത്വത്തിലേക്കുള്ള വിളി തന്നിൽനിന്നു് നേരിട്ടു താൻ സ്വീകരിച്ചു എന്നുമാണു് അദ്ദേഹം മറുപടി പറഞ്ഞതു്. "ഞാനൊരപ്പൊസ്തോലനല്ലയോ? ഞാൻ കർത്താവിനെ കണ്ടിട്ടില്ലയോ? (1 കോറ. 9:1) സ്വർഗ്ഗാരോഹണത്തിനു മുമ്പു് മറെറ അപ്പൊസ്തോലന്മാർ ആദിയായവർക്കു് എങ്ങിനെ കർത്താവു് പ്രത്യക്ഷമായൊ അതേതരത്തിലുള്ള ഒരു പ്രത്യക്ഷതയായിരുന്നു വി. പൌലോസിനു് ലഭിച്ചതും. (1 കോറ. 15:5—8.)

മഹത്വീകരിക്കപ്പെട്ട സ്ഥിതിയിലത്രെ മ്ശീഹായെ താൻ കണ്ടതു്. മഹത്വീകരിക്കപ്പെട്ട മ്ശീഹായുടെ സ്ഥിതിയെക്കുറിച്ചും, നാം ഉയർപ്പിൽ ഈ നില പ്രാപിക്കുന്നതിനെക്കുറിച്ചും എതുയും വ്യക്തമായും സയുക്തികമായും വി. പൌലോസു് വർണ്ണിക്കുന്നുണ്ടു്. (1 കോറ. 15: 35—54;—ഫീലി. 3:21). ഈ ആത്മികശരീരത്തെക്കുറിച്ചു് വി. പൌലോസു് വർണ്ണിക്കുമ്പോൾ, ദമസ്കോസിൽ കണ്ട യേശുവിന്റെ മഹത്വീകരിക്കപ്പെട്ട ശരീരത്തെ മനസ്സിൽ കണ്ടിരിക്കണം. മഹത്വീകരിക്കപ്പെട്ടതായ അവസ്ഥ ജഡീയതപത്തിനു് അഗോചരമത്രെ. ആകയാൽ, ഈ അവസ്ഥയിൽ ഇരിക്കുന്ന താൻ പ്രത്യക്ഷമാകണമെങ്കിൽ ജഡീയ അസ്തിത്വത്തിലേക്കു് തന്നെത്തന്നെ വരുത്തുകയൊ, അഥവാ ആദിവ്യകാഴ്ചക്കു് പ്രാപ്തരാകത്തക്കവണ്ണം അവരിൽ അത്ഭുതമാററമുണ്ടാക്കയൊ വേണം. അതായതു് ആത്മീയകാഴ്ച ലഭിക്കേണ്ടതിലേക്കു് ബാഹ്യേന്ദ്രിയസംബന്ധമായ പ്രതിബന്ധങ്ങളും മാററപ്പെടണം. ഈ രണ്ടാമത്തേതാണു് താൻ നാല്പതു ദിവസം അപ്പൊസ്തോലർക്കു കാണപ്പെട്ടപ്പോഴും ദമസ്കോസിലേക്കുള്ള വഴിയിൽ ശൌലിനു കാണപ്പെട്ടപ്പോഴും സംഭവിച്ചതു്. അദ്ദേഹത്തിനുമാത്രമായി ഈ അത്ഭുതം പ്രവർത്തിക്കപ്പെട്ടതിനാൽ മറെറാരും ഈ ദർശനം കണ്ടില്ല. ശൌൽ മാത്രം കർത്താവിനെ കാണുകയും തന്റെ ശബ്ദം ശ്രവിക്കയും ചെയ്തു. അനുചരന്മാർ ഒരു പ്രകാശം കണ്ടതല്ലാതെ തന്റെ മഹത്വരൂപം കാണുകയാകട്ടെ, ശൌൽ മറുപടി പറയുന്നതിനെയല്ലാതെ കർത്താവിന്റെ വചനത്തെ കേൾക്കയാകട്ടെ ചെയ്തില്ല. [അപ്പ. പ്ര. 9:7].

(തുടർച്ച 7-ാംലക്കം മുതൽ കാണുക.)

മാർ ഗ്രീഗോറിയോസ്
വിദ്യാർത്ഥിസംഘം.

(V. M. Eapen, B. A, Student, U. C. College, Alwaye)

മലയാളക്കരയിൽ വല്ല പരിശുദ്ധന്മുണ്ടായിട്ടുണ്ടൊ എന്ന വെല്ലുവിളിക്കു് മലങ്കര സുറിയാനി സഭയുടെ മറുപടി 'പരുമല തിരുമേനി' എന്നാണു്. ഈ പുണ്യവാന്റെ പരിപാവന സ്മരണയിൽ നടന്നുവന്നതും ഇടക്കാലത്തു് നിന്നുപോയതും, മലങ്കരയുള്ള നമ്മുടെ മെത്രാപ്പോലീത്താ തിരുമേനിമാരുടെ അനുഗ്രഹങ്ങളാലും, അങ്കമാലി ഇടവകയുടെ സഹായ മെത്രാപ്പോലീത്ത, നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സഹായത്താലും, പുനരുദ്ധരിക്കപ്പെട്ടതായ മാർ ഗ്രീഗോറിയോസു് വിദ്യാർത്ഥിസംഘം എന്ന പൈതൽ ഇതാ മലയാളസഭയുടെ പരിലാളനകളെ പ്രതീക്ഷിച്ചു് എഴുന്നേററു നിൽക്കുന്നു.

വിദ്യാർത്ഥിലോകത്തിന്റെ കാര്യത്തിൽ വന്ദ്യ മെത്രാപ്പോലീത്താ തിരുമേനിമാരും, ബഃ അച്ചന്മാരും, സമുദായ പ്രധാനന്മാരും, സാരമായ ശ്രദ്ധ പതിയ്ക്കാത്ത പക്ഷം സമുദായം അധഃപതിച്ചുപോകുമെന്നാണു് എന്റെ എളിയ ബുദ്ധിയിൽ തോന്നുന്നതു്. ഇന്നത്തെ വിദ്യാർത്ഥികൾ ഭാവിയിൽ പ്രധാനഘടകങ്ങളായി സമുദായത്തിൽ പ്രത്യക്ഷപ്പെടേണ്ടവരാണു്. വിദ്യാർത്ഥിലോകം ശക്തിയായി പാഞ്ഞുകൊണ്ടിരിക്കുന്ന ഒരു ജലപ്രവാഹമാണല്ലൊ. അതിനു വിഹരിക്കുവാൻ ഉത്തമമാർഗ്ഗം ഉണ്ടാക്കികൊടുത്തില്ലെങ്കിൽ നാശഗർത്തത്തിലാണ്ടുപോയേക്കാം. യുവസഹജമായ ഉന്മേഷത്തിനു് പാരിപാർക്കുവാൻ തക്ക അന്തരീക്ഷം കമ്മ്യൂണിസം, ഡിസിപ്ലിൻറർ സഭകൾ ആദിയായവ സൃഷ്ടിച്ചുകൊടുക്കാറുണ്ടെന്നുള്ളതു് മേലധികാരികളും സമുദായപ്രമാണികളും വിസ്മരിക്കരുതെന്നപേക്ഷ.

വിദ്യാർത്ഥിക്രമം സംഘടിക്കുന്നപക്ഷം ആ സംഘടനയ്ക്കുള്ള കഴിവുകൾ തിരുവിതാംകൂർ രാഷ്ട്രമണ്ഡലം തെളിയിച്ചിട്ടുണ്ടു്. അതിനാൽ സമുദായത്തിന്റെ ഭാവിയെപ്പററി കരുതലുള്ള നേതാക്കന്മാർ വിദ്യാർത്ഥികളായ ഞങ്ങളെ സഭാസേവനത്തിൽ ഉപയോഗപ്പെടുത്തുവാൻ ക്രമീകരണങ്ങൾ ചെയ്തരുണമെന്നപേക്ഷ.

എന്റെ സഹവിദ്യാർത്ഥികളെ! നമുക്കും ചില കാര്യങ്ങൾ അനുവർത്തവ്യങ്ങളായിട്ടുണ്ടു്. 1, മാർ ഗ്രീഗോറിയോസു് വിദ്യാർത്ഥിസംഘത്തിൽ അംഗമല്ലാത്തതായി ഒരു വിദ്യാർത്ഥിയും നമ്മുടെ ഇടയിൽ ഉണ്ടായിരിക്കരുതു്. 2, നമ്മുടെ വിദ്യാർത്ഥികളുള്ള ഓരോ കോളജിലും ഹൈസ്കൂളിലും വിദ്യാർത്ഥിസംഘത്തിന്റെ ശാഖ സ്ഥാപിക്കണം. 3, ഈ ശാഖകളുടെ ഉത്സാഹത്തിൽ പ്രാദേശികമായ വിവിധസേവനങ്ങൾ നടത്തണം. 4, ആഴ്ചയിൽ ഒരു പ്രാവശ്യം ഒരുമിച്ചുകൂടി അദ്ധ്യാത്മികവിഷയങ്ങൾ പഠിക്കുവാൻ ബൈബിൾ സർക്കിൾ ക്രമീകരിക്കണം. 5, ഓരോ അദ്ധ്യയന വർഷത്തിൽ ഓരോ ധ്യാനയോഗം നടത്തി വിദ്യാർത്ഥിക്രമം കുമ്പസാരിച്ചു് വി: കുർബാന അനുഭവിക്കണം. 6, വെക്കേഷൻകാലത്തു ഗോസ്പൽ ടീം രൂപീകരിച്ചു് രണ്ടുമൂന്നു ദിവസമെങ്കിലും മിഷ്യനറിപ്രവർത്തനം നടത്തണം. 7, മദ്യവേനൽ ഒഴിവിനു് നമ്മുടെ വിദ്യാർത്ഥിസംഘത്തിന്റെ വാർഷികസമ്മേളനത്തിൽ നിശ്ചയമായും സംബന്ധിച്ചു് അതിനെ സജീവമാക്കിതീർക്കുകയും നമ്മുടെ ഭാവിപരിപാടി ചർച്ചചെയ്യുകയും വേണം. 8, സഭാപത്രിക വിദ്യാർത്ഥിക്രമം വായിച്ചുകൊണ്ടിരിക്കണം.

സഭയിലെ അഭിവന്ദ്യ നേതാക്കന്മാരെ! ഞങ്ങളെപ്പറ്റി നിങ്ങൾക്ക് വല്ല കരുതലും ഉണ്ടോ? ഉണ്ടെങ്കിൽ ഞങ്ങളെ സഹായിച്ച് നയിക്കുവാൻ ഇത്തരുണത്തിൽ നിങ്ങൾ എന്തു ചെയ്യുന്നതെന്ന് ചന്ദ്രികവഴിയായി ഞങ്ങൾ അറിവുതരാമൊ? നിങ്ങൾ ശ്രമിച്ചാൽ വിദ്യാർത്ഥിസംഘത്തിന് ഒരു സഞ്ചാര സിക്രട്ടറിയെ സന്ധിക്കുവാൻ സാദ്ധ്യമല്ലയൊ? ഒരു കൊല്ലം 1500 രൂപായുണ്ടെങ്കിൽ ഈ കാര്യം നടത്താവുന്നതാണ്. ഞങ്ങളെക്കുറിച്ച് വിചാരപ്പെടുന്നവരായി ആരെങ്കിലും ഉണ്ടെങ്കിൽ ഈ അഭ്യർത്ഥനയ്ക്ക് ചന്ദ്രികവഴിയായി മറുപടിതരുമൊ? പതിനഞ്ച് ധനവാന്മാർ വിചാരിച്ചാൽ 1500 രൂപാവെട്ടത്തു് ഒരു സഞ്ചാരസെക്രട്ടറിയെ ഞങ്ങൾക്കായി നിയമിച്ചുതരാം. വടക്കൻ പറവൂർ പള്ളിക്കാരേ! മയാകടാക്ഷമുണ്ടെങ്കിൽ അവർ തനിയെ വിചാരിച്ചാൽ ഞങ്ങളുടെ വിദ്യാർത്ഥിലോകത്തെ വളരെ സഹായിക്കാം. എന്നാൽ ഞങ്ങളുടെ സങ്കടം കേൾപ്പാൻ മലങ്കര സഭയിൽ ആരെങ്കിലും ഉണ്ടാകുമോ എന്നറിവാൻ കാത്തിരിക്കുന്നു. ഞങ്ങളെ കുറിച്ചു പറയുവാനും ശാസിക്കുവാനും പലരുണ്ട്. സഹായത്തിന്റെ കൈ നീട്ടുവാൻ ആരുണ്ടെന്നാണ് ഞങ്ങൾക്കറിയേണ്ടതു്.

വിദ്യാർത്ഥിസഹോദരങ്ങളെ! നമുക്ക് ഏതായാലും സംഘടിക്കുകതന്നെ ചെയ്യാം. നിങ്ങൾക്കറിയേണ്ടും കാര്യങ്ങൾ എന്റെ മേൽവിലാസത്തിൽ എഴുതുക. നിങ്ങൾക്ക് എന്റെ നവവത്സര ശുഭാശംസ! ഉണർന്ന് സംഘടിക്കുവിൻ. ദൈവത്തിന് നമ്മെ ആവശ്യമുണ്ട്.

എന്ന് നിങ്ങളുടെ വിധേയൻ, വി. എം. ഈപ്പൻ.

★

ക്രിസ്തീയ ലഘു തത്വോപദേശങ്ങൾ

(തുടർച്ച)

(Fr. V. C. Gheevarghese B. A.)

പാഠം 2: പ്രാർത്ഥന.

1. പ്രാർത്ഥനയെന്നാൽ എന്ത്!

ഉ:— ദൈവത്തെ ആരാധിക്കുന്നതിനും, തനിക്ക് നന്ദിപറയുന്നതിനും, നമ്മുടെ ആവശ്യങ്ങളെ തിരുസന്നിധിയിൽ സമർപ്പിക്കുന്നതിനും, ദൈവത്തിൽനിന്നും കൃപകളെ പ്രാപിക്കുന്നതിനും, നമ്മുടെ ചിന്തകളെ ശുദ്ധീകരിക്കുന്നതിനും, ദൈവസന്നിധിയിലേക്ക് നമ്മെ ഉയർത്തുന്നതിനും വേണ്ടിയുള്ള ദൈവസംസർഗ്ഗമാകുന്നു പ്രാർത്ഥന.

2. പ്രാർത്ഥനയെ എങ്ങനെ വിഭാഗിക്കാം?

ഉ:— മനസ്സുകൊണ്ടുള്ളതും, നാവാലുള്ളതും, സ്വകാര്യമായുള്ളതും, പൊതുവായുള്ളതും, ഇങ്ങനെ നാലായി വിഭാഗിക്കാവുന്നതാണ്. മനസ്സുകൊണ്ടുള്ളതു് ശബ്ദിക്കാതെ ധ്യാനിക്കുന്നതും, നാവുകൊണ്ടുള്ളതു് ബോധത്തിന്റെ ശ്രദ്ധയോടും, ഹൃദയത്തിന്റെ ഭക്തിയോടുംകൂടി വാക്കുകളെകൊണ്ടു് ചെയ്യപ്പെടുന്നതുമാകുന്നു. സ്വകാര്യമായുള്ളതു് ഓരോരുത്തൻ തനിച്ചു് നടത്തുന്നതും, പൊതുവായുള്ളതു് കൂട്ടമായി നടത്തുന്നതുമാകുന്നു.

3. പ്രാർത്ഥന ഫലപ്രദമാണെന്നു് നമുക്കു് വിശ്വസിക്കാമൊ?

ഉ:— സർവ്വ ശക്തിയും കരുണയും വിശ്വസ്തതയുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങൾ ഉള്ളതിനാലും, യേശുമ്ശിഹായുടെ നാമത്തിൽ നടത്തിയിട്ടുള്ള പ്രാർത്ഥനകൾ ഫലപ്രദങ്ങളായി അനേക വിശുദ്ധന്മാക്കു് അനുഭവപ്പെട്ടിരിക്കുന്നതിനാലും, പ്രാർത്ഥന ഫലപ്രദമാണെന്നു് വിശ്വസിക്കാം.

4. യേശുമ്ശിഹായുടെ നാമത്തിൽ അപേക്ഷിക്കുകയെന്നാൽ എന്താണു്?

ഉ:— യേശുമ്ശിഹാ പഠിപ്പിച്ചിട്ടുള്ള തത്വങ്ങളനുസരിച്ചും, തന്റെ മാതൃകയിലും, ദൈവഹിതത്തിനു് അനുരൂപം സംഭവിക്കണമെന്നുള്ള സമർപ്പണത്തിലും, താൻവഴിയായി പ്രാർത്ഥിക്കുന്നതാകുന്നു.

5. മ്ശിഹാവഴിയായി പ്രാർത്ഥിക്കുക എന്നു പറഞ്ഞാൽ എന്താണു്?

ഉ:— മ്ശിഹായുടെ യോഗ്യതകളിൽ ആശ്രയിച്ചു്, മ്ശിഹായുടെ ഹിതത്തിലും ആത്മാവിലും പ്രാർത്ഥിക്കുക എന്നാണു്.

6. പ്രാർത്ഥനകൾക്കു് ദൈവം ഏതെല്ലാംവിധത്തിൽ ഉത്തരമരുളുന്നു?

ഉ:— പ്രാർത്ഥനപോലെ ഭവിക്കട്ടെയെന്നും, അങ്ങനെ സംഭവിക്കുന്നതിൻ പരിസരങ്ങൾ ശരിപ്പെടേണ്ടതാകയാൽ, താമസിക്കുകയെന്നും, ചില പ്രാർത്ഥനകൾ ദൈവമഹത്വത്തിനും നമ്മുടെ നന്മയ്ക്കും അനുയോജ്യമല്ലാത്തതെന്നു് ദൈവം കാണുമ്പോൾ, അവ വേണ്ടായെന്നും ഇങ്ങനെ മൂന്നു തരത്തിൽ ദൈവത്തിന്റെ മറുപടി അനുഭവത്തിലാകാറുണ്ടു്.

7. ദൈവത്തോടു് നാം പ്രധാനമായി അപേക്ഷിക്കേണ്ട കാര്യങ്ങൾ ഏവ?

ഉ:— ദൈവത്തിന്റെ മഹത്വത്തിനും, ദൈവരാജ്യത്തിനും, ദൈവഹിതത്തിനും വേണ്ടിയും അവയ്ക്കു നാം യോഗ്യരായി തീരുന്നതിനുവേണ്ടിയും പ്രധാനമായി അപേക്ഷിക്കണം.

8. ദൈവത്തോടു് ലൌകികനന്മകളെക്കൂടി അപേക്ഷിക്കുവാൻ പാടില്ലയോ?

ഉ:— ദൈവഹിതത്തിനു് യോജിച്ച വിധവും നമ്മുടെ നിത്യരക്ഷയ്ക്കു് പ്രതിബന്ധമല്ലാത്തവണ്ണവും 'മതി' എന്നുള്ള വ്യവസ്ഥയോടുകൂടി ലൌകികനന്മകൾക്കായി അപേക്ഷിക്കാം.

9. നമുക്കാവശ്യമുള്ളതു് എന്തെന്നു് ദൈവം മുൻകൂട്ടി അറിയുന്നതിനാൽ നാം അപേക്ഷിക്കേണ്ട ആവശ്യമെന്തു്?

ഉ:— നാം അപേക്ഷിക്കണമെന്നു് ദൈവം ആഗ്രഹിക്കുന്നതിനാലും, അപേക്ഷമൂലം ദൈവസംസർഗ്ഗം സാദ്ധ്യമാക്കുന്നതിനാലും, നമ്മുടെ സ്വന്ത കീഴ്വഴക്കത്തെ സാക്ഷീകരിക്കുന്നതിനും, വിശ്വാസം-ശരണം-സ്നേഹം ഇവ പ്രത്യക്ഷമാക്കുന്നതിനും, ദൈവകൃപ നമ്മിലേക്ക് ഒഴുകുന്നതിനുള്ള മാർഗ്ഗം തെളിയിക്കുന്നതിനും, നമ്മുടെ ചിന്തകൾ ശുദ്ധീകരിക്കപ്പെടുന്നതിനും വേണ്ടിയാകുന്നു.

10. നമ്മുടെ അപേക്ഷകൾ ഫലസിദ്ധിയുള്ളവയാകുന്നതിനു് ആവശ്യമുള്ള പ്രധാനവും ഉത്തമവുമായ മനോഭാവം എന്താകുന്നു?

ഉ:— ദൈവവരപ്രസാദത്തിൽ സ്ഥിതിചെയ്യുന്നതും, പാപത്തിൽ വീണുപോയിട്ടുണ്ടെങ്കിൽ വീണ്ടും ദൈവവരപ്രസാദത്തിൽ ആകുവാനുള്ള ആശ ഉണ്ടായിരിക്കുന്നതും ചെയ്യുന്നതാകുന്നു.

11. പ്രാർത്ഥനയ്ക്കു് വേണ്ടതായ ഇതരഗുണങ്ങൾ എന്തെല്ലാം?

ഉ:— ഏകാഗ്രത, എളിമ, ശരണം, സ്ഥിരോത്സാഹം, ദൈവഹിതത്തിലുള്ള കീഴ്വഴക്കം എന്നിവ വേണം.

12. ഏകാഗ്രതയോടെ അപേക്ഷിക്കണം എന്നതിന്റെ സാരം എന്താകുന്നു?

ഉ:— നാം ഇടപെടുന്നതു് ദൈവത്തോടാണെന്നു ചിന്തിക്കണമെന്നും, അതുകൊണ്ടു് കഴിയുന്നതു് അന്യചിന്തകൾ കൂടാതെ വണക്കത്തോടും ഭക്തിയോടുംകൂടി അപേക്ഷിക്കണമെന്നും ആകുന്നു.

13. ഏകാഗ്രതയില്ലെങ്കിൽ പ്രാർത്ഥനയുടെ ഫലം കുറഞ്ഞുപോകുമോ?

ഉ:— ബോധപൂർവ്വകമായ നാം കാരണക്കാരാകയൊ, അന്യവിചാരങ്ങളെ ഉടനടൻ തള്ളിക്കളയാതിരിക്കയൊ ചെയ്യുമ്പോൾ, പ്രാർത്ഥനയുടെ ഫലം കുറഞ്ഞുപോകും. എന്നാൽ ഏകാഗ്രതക്കുവേണ്ടി നമ്മാൽ കഴിയുന്നത്ര ശ്രമിക്കുന്നതാകയാൽ ആ പരിശ്രമം അനുഗ്രഹം വർദ്ധിപ്പിക്കുന്നതാണ്.

14. ഏകാഗ്രതയോടെ പ്രാർത്ഥിപ്പാൻ എന്തു ചെയ്യണം?

ഉ:— പ്രാർത്ഥനയ്ക്കുമുമ്പു് നിഷ്കരുവിനുള്ള സകല കാരണങ്ങളേയും അകറ്റിക്കളയണം. ദൈവത്തിന്റെ സാന്നിധ്യബോധം വരുത്തുകയും വേണം.

15. പ്രാർത്ഥിക്കുമ്പോൾ എളിമയുള്ളവരായിരിക്കണം എന്നതിന്റെ അർത്ഥമെന്തു്?

ഉ:— നമ്മുടെ സ്വന്ത അയോഗ്യതയേയും ബലഹീനതയേയും അരിഷ്ടതയേയും പരമാർത്ഥമായി അറിയുകയും, നമ്മുടെ ശരീരത്തെ ഉചിതമായ നിലയിൽ നിർത്തിക്കാള്ളുകയും ചെയ്യണമെന്നാണ്.

16. പ്രാർത്ഥിക്കുമ്പോൾ ശരണമുള്ളവരായിരിക്കണം എന്നതിന്റെ അർത്ഥമെന്തു്?

ഉ:— നമ്മുടെ പ്രാർത്ഥന ദൈവമഹത്വത്തിനും, നമ്മുടെ രക്ഷയ്ക്കും, ഉതകുമെങ്കിൽ അതിനനുസരണമായ ഫലം സിദ്ധിക്കുമെന്നു് നമുക്കു് സ്ഥിരമായ ആശയുണ്ടായിരിക്കണമെന്നതാണ്.

17. പ്രാർത്ഥനയിൽ സ്ഥിരോത്സാഹമുള്ളവരായിരിക്കണമെന്നതിന്റെ സാരമെന്തു്?

ഉ:— ദൈവം നമ്മുടെ പ്രാർത്ഥനയ്ക്കു് ഉടനെ ഫലസിദ്ധി വരുത്തിയില്ലെങ്കിൽതന്നെ നാം മടുത്തുപോകരുതെന്നും അധികം ശ്രദ്ധാന്തിയോടുകൂടി തുടർന്നു് അപേക്ഷിച്ചുകൊണ്ടിരിക്കണമെന്നുമാണ്.

18. പ്രാർത്ഥിക്കുമ്പോൾ ദൈവഹിതത്തിനു് കീഴ്വഴക്കമുള്ളവരായിരിക്കണമെന്നതിന്റെ സാരമെന്തു്?

ഉ:— നമ്മുടെ പ്രാർത്ഥനകൾക്കു് അനുകൂലമായ മറുപടി ലഭിക്കാത്തപ്പോൾ നമ്മുടെ മനസ്സിനെ ദൈവഹിതത്തോടു് യോജിപ്പിക്കണമെന്നാണ്. എന്തുകൊണ്ടെന്നാൽ നമ്മുടെ ഏറ്റവും വലിയ നന്മക്കു് ആവശ്യമുള്ളതെന്തെന്നു് നാം അറിയുന്നതിനേക്കാൾ അധികം നന്നായി ദൈവം അറിയുന്നു.

19. നാം ആർക്കുവേണ്ടി പ്രാർത്ഥിക്കണം?

ഉ:— നാം സകലർക്കുവേണ്ടിയും പ്രാർത്ഥിക്കണം. 1-ാമതു് നമുക്കു വേണ്ടിയും, പിന്നീടു് നമ്മുടെ ഭവനാംഗങ്ങൾ, ബന്ധുമിത്രാദികൾ, മേലധികാരികൾ, ഉപകാരികൾ, സഹപ്രവർത്തകർ, നമ്മോടു് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളവർ, നമ്മുടെ ശത്രുക്കൾ, എന്നിവർക്കുവേണ്ടിയും വിശ്വാസികൾ, സുവിശേഷകർ എന്നിവർക്കു വേണ്ടിയും, പാപികളുടെ മാനസാന്തരത്തിനുവേണ്ടിയും, ക്രിസ്തീയസ്ഥാപനങ്ങൾക്കും സംഘങ്ങൾക്കും വേണ്ടിയും, കഷ്ടതയിലിരിക്കുന്നവർക്കു വേണ്ടിയും, വിശ്വാസികളായി മരിച്ചുപോയവർക്കു വേണ്ടിയും പ്രാർത്ഥിക്കണം.

(തുടരും.)

★

വൈദ്യവിഷയം

(WHOOPING COUGH)

വില്ലൻചുമ (നിലംകാരിചുമ)

(Dr. V. P. Varghese, Koothattukulam)

ഇരട്ടിമധുരം കഴഞ്ചു് 12; ഏലത്തരി, ഇലവർങ്ങത്തൊലി, ചുക്കു്, കരുമുളകു്, തിപ്പലി, കരയാമ്പൂവു് ഇവ ഒരു കഴഞ്ചുവീതം; കോലരക്കു് കഴഞ്ചു് 6; ചതച്ചു് (കോലരക്കു് പൊടിച്ചു് കിഴികെട്ടിയിടണം) നാലിടങ്ങഴി വെള്ളത്തിൽ വെന്തു് ഒരിടങ്ങഴിയാകുമ്പോൾ അരിച്ചെടുത്തു് രണ്ടു റാത്തൽ കല്ക്കണ്ടം പൊടിച്ചുചേർത്തു വററിച്ചു് പാനിപാകത്തിൽ വാങ്ങി സൂക്ഷിച്ചു് കാൽ ഔൺസുമുതൽ ഒരൌൺസുവരെ ദിവസം നാലു പ്രാവശ്യം വീതം കൊടുക്കുന്നതായാൽ ശക്തിയേറിയ ഏതു വില്ലൻചുമയും ഒരാഴ്ചകൊണ്ടു് സുഖമാകുന്നതാണു്.

ചുക്കുപൊടി കഴഞ്ചു് എട്ടു്; കാരെള്ളു് തൊലികളഞ്ഞു് വറുത്തുപൊടിച്ചതു് 16 കഴഞ്ചു്; ഒരു റാത്തൽ ശർക്കര ഉരുക്കി അരിച്ചു് കുറുക്കി പാനിപാകമാകുമ്പോൾ മുൻപറഞ്ഞ പൊടികളിട്ടു് ഇളക്കി ഇറക്കിവച്ചു് ആറിയതിനു ശേഷം അരകഴഞ്ചുമുതൽ ഒന്നര കഴഞ്ചുവരെ ദിവസം നാലു പ്രാവശ്യം വീതം കൊടുത്താൽ എല്ലാവിധ നിലംകാരിചുമകളും ശമിക്കും.

ചുമച്ചുതുപ്പുന്നതിൽ രക്തം കണ്ടാൽ

കോലരക്കു്, ആടലോടകപൂവു്, പൊന്നാവീരത്തിൻകുരുന്നു് ഇവ സമം ആടലോടകത്തിന്റെ ഇലവാട്ടിപിഴിഞ്ഞ നീരിൽ അരച്ചു് ഉരുട്ടി കണ്ണിവെററിലയിൽ പൊതിഞ്ഞു് മണ്ണുതേച്ചു് ചൂടുള്ള ചാരത്തിലിട്ടു് വാട്ടി പിഴിഞ്ഞെടുത്ത രസം കസ്തൂരി, ഗോരോചന ഇവ മേമ്പൊടി ചേർത്തു് നാലുമണിക്കൂർ ഇടവിട്ടു സേവിക്കുന്നതായാൽ കഫത്തിൽ രക്തം കാണുന്നതു ശമിക്കും.

ഛർദ്ദിയുണ്ടെങ്കിൽ

ഏലത്തരി, മലർ ഇവ സമം പൊടിച്ചു് കല്ക്കണ്ടവും തേനും ചേർത്തു് രണ്ടുമണിക്കൂർ ഇടവിട്ടു് നാക്കിൽ തേച്ചുകൊണ്ടിരുന്നാൽ ഛർദ്ദി ശമിക്കും.

കണ്ണിൽ രക്തനിറം കണ്ടാൽ

നന്ത്യാർവട്ടത്തിൻപൂവു്, ജീരകം, പിച്ചകമൊട്ടു് ഇവ സമം ചതച്ചു് മു[illegible]ാൽചേർത്തു് രണ്ടുതുള്ളി വീതം കാലത്തും വൈകിട്ടും [illegible]ണ്ണിൽ ഒഴിക്കണം. കണ്ണിൽ രക്തനിറം കാണുന്നതു മാറിക്കൊള്ളും.

"ആചാര്യസഹായി."

അച്ചടിച്ചുവരുന്നു വില 1 രൂ. ബ: കെ. പി. പോൾ റമ്പാൻ എം. എ. എഴുതിയതു്. വി: കർബാനക്കു കഴച്ചുവയ്ക്കുന്നതും, അടിച്ചു കാച്ചുന്നതും, കർബാനചൊല്ലുന്ന രീതികളും, ക്രിയകളും, ഖണ്ഡിപ്പും മററും സവിസ്തരം 19 ചിത്രങ്ങളോടുകൂടി കാണിച്ചിട്ടുണ്ടു്. നി. വ. ദി. ശ്രീമാന്മാരായ മാർ യൂലിയോസ്ബാവായും, മാർ അത്താനാസ്യോസ് തിരുമേനിയും, ശ്രേഷ്ഠാനുമതി നൽകിയിട്ടുള്ളതും, ബ: അബ്ദുൽ അഹാദ് റമ്പാച്ചൻ പരിശോധിച്ചിട്ടുള്ളതുമാണു്. ഗ്രന്ഥകർത്താവിന്റെ ഫോട്ടോയും ചേർത്തിട്ടുണ്ടു്. അപേക്ഷിക്കേണ്ടും മേൽവിലാസം: മലേക്കുരിശു് പുത്തൻകുരിശു്.

ബാലപംക്തി

6-ാം ചോദ്യത്തിനു് ശരിയായ ഉത്തരം തന്നവർ.

1) എം. കെ. വറുഗീസു്, കോതമംഗലം. 2) സി. ററി. തോമസു്, കുമരകം. 3) ജോർജ്ജു് വറുഗീസു്, കുമരകം. 4) എ. വി. ചിന്നു, കാലടി. 5) കെ. സി. തോമസു്, തിരുവല്ല. 6) ടി. പി. പാപ്പച്ചൻ, ആലുവാ. 7) കെ. ജെ. ഏലിയാസു്, കുമരകം. 8) സി. ററി. ജോസഫ്, കുമരകം. 9) സി. എ. ചാണ്ടിക്കുഞ്ഞു്, കുറിച്ചി (നിങ്ങൾതന്നെയാണോ Form III, St Thomas E. H. S., ചിങ്ങവനം എന്നു് മുമ്പു് മേൽവിലാസം തന്നയാൾ? മേ: വി: മാറി തരരുതു്) 10) വി. സി. ജോൺ, മൂവാററുപുഴ. 11) ഡി ബാബു പോൾ, കുറുപ്പംപടി. 12) ജോൺ സി. സ്കറിയാ, കുന്നംകുളം. 13) തോമസ് വറുഗീസ്, തുമ്പമൺ, (2 തവണ 2 തരം ഉത്തരം ഒരു ചോദ്യത്തിനു് തരരുതു്) 14) പി. ററി. സാറാമ്മ, കുറുപ്പംപടി (4-ാം ചോദ്യത്തിനു് ഉത്തരം കിട്ടിയില്ല) 15) പി. എം. ചാണ്ടി, കുമരകം. 16) വി. എം. ജോർജ്ജു്, മുളന്തുരുത്തി. 17) മിസ്. തങ്കമ്മ കോഷി, പാറത്തോടു്.

തോററുപോയവർ:—

1) കെ. എം. ഇഡിക്കുള, 2) എം. എം. തങ്കമ്മ. 3) പി. പി. ബേബി. 4) പി. ററി. ചെറിയാൻ. 5) ജോസഫ് കുറിയാക്കോസു്.

ശരിയായ ഉത്തരം:— അന്ത്യോഖ്യാ സിംഹാസനത്തിലെ ഒന്നാമത്തെ പാത്രിയർക്കീസു് ആരു്? വി: പത്രോസു് ശ്ലീഹാ. ഇദ്ദേഹം ഏതു നഗരത്തിൽ ജനിച്ചു? ബത്സായോദൊ. (യോഹ: 1: 44)

7-ാം ലക്കത്തിലെ ചോദ്യത്തിനു് 6-ാം ചോദ്യം എന്നെഴുതിയതു് പിശകാണു്. 7-ാം ചോദ്യം എന്നായിരുന്നു വേണ്ടതു്. ലക്കത്തിന്റെ നമ്പരും ചോദ്യനമ്പരും എപ്പോഴും ഒന്നുതന്നെ ആയിരിക്കും.

9-ാം ചോദ്യം:— പുതിയ നിയമത്തിൽ സ്നേഹത്തെപ്പററി വർണ്ണിക്കുന്ന ഒരദ്ധ്യായമുണ്ടു്. ഏതു്? ഉത്തരം ഈ ലക്കത്തിന്റെ തീയതിമുതൽ 30-ദിവസത്തിനുള്ളിൽ ഒരു ചക്രം സ്റ്റാമ്പുസഹിതം പത്രാധിപർക്കു് അയയ്ക്കണം. സ്റ്റാമ്പില്ലാത്തതും 30 ദിവസം കഴിഞ്ഞു് വരുന്നതുമായ ഉത്തരങ്ങൾ നോക്കുന്നതല്ല.

പൗരോഹിത്യ മാഹാത്മ്യം

[ഫാദർ കെ. ജെ. ഗീവറുഗീസ് റമ്പാൻ.]

വി. വേദപുസ്തക പഠിതാക്കൾ പ്രത്യേക നൽവരങ്ങളോടുകൂടിയ മൂന്നു സ്ഥാനങ്ങൾ ആ ഗ്രന്ഥത്തിൽ കാണുന്നതാണു്— രാജ നൽവരം, പ്രവചന നൽവരം, പൗരോഹിത്യ നൽവരം എന്നിവതന്നെ. പൗരോഹിത്യ നൽവരത്തിന്റെ ശ്രേഷ്ഠത പാരത്രികജീവിതത്തിൽ തുടരുന്നുവെന്നു് വി. പിതാക്കന്മാർ കല്പിച്ചിരിക്കുന്നതിനാൽ അതു് കൂടുതൽ മഹിമയുള്ളതായി വിജ്ഞാനികൾ പരിഗണിക്കുന്നു. പൗരോഹിത്യത്തിന്റെ അധികാരവും കർത്തൃത്വവും ഇഹപരലോകങ്ങളിൽ വ്യാപരിക്കുന്നുവെന്നു് നാം അറിയുമ്പോൾ അതിനെ പ്രാപിക്കുന്നവർ എത്രയും കരുതലോടെ ജീവിക്കേണ്ടതാണല്ലൊ. സ്ഥാനവും, നൽവരവും ഒരുമിച്ചു് ചേർന്നിരിക്കുന്ന ഈ മഹത്തായ 3 കാര്യങ്ങളോടു് സദൃശമായി 3 സുകൃത നൽവരങ്ങളെ ഈ അവസരത്തിൽ സ്മരിക്കുന്നതും പ്രയോജനപ്രദമാണു്.

വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ 3 ദൈവീകമായ സുകൃതങ്ങളുടെ സൂചന 1 കോറി. 13-ൽ കാണുക. ഇവ 3-ൽ ശ്രേഷ്ഠമായതു് സ്നേഹംതന്നെയെന്നു് വി. ശ്ലീഹാ അതേ അദ്ധ്യായത്തിൽ വർണ്ണിക്കുന്നുണ്ടു്.

വേറെയും അനേകം നൽവരങ്ങളുണ്ടു്. ഏതു നൽവരവും മനുഷ്യനിൽ ഉളവാക്കുന്നതു് പ. ആത്മാവാകുന്നു. അതിനാൽ നൽവരങ്ങളുടെ കർത്താവു് പ. ആത്മാവുതന്നെ. "നൽവരങ്ങൾ പലതാണെങ്കിലും ആത്മാവു്, ഒരുവനാകുന്നു" എന്ന വി. പൌലോസ്ശ്ലീഹായുടെ വാക്യവും ഇവിടെ സ്മരണീയമാണു്.

ആദാമിനു് നൽവരങ്ങൾ ലഭിച്ചതു് എങ്ങനെയെന്നു് ചിന്തിച്ചുനോക്കാം. കൈവെപ്പു്, ഊത്തു് എന്നീ രണ്ടു കർമ്മങ്ങൾ ആദാമിന്റെ സൃഷ്ടിയിൽ ദൈവം നടത്തിയതായി നാം വായിക്കുന്നു. ദൈവം നിർവ്വഹിച്ച ഈ കർമ്മങ്ങൾ വഴിയായി ആദാം ദൈവാത്മാവിന്റെ ആവസിപ്പുള്ളവനായിത്തീർന്നു. നൽവരങ്ങളുടെ ഉറവയായ പ. ആത്മാവുമൂലം നൽവരങ്ങളും നൽവരത്തിനടുത്ത ഉന്നത സ്ഥാനങ്ങളും ആദാമിനു ലഭിച്ചു. സ്ഥാനങ്ങളും നൽവരങ്ങളും പ്രാപിച്ചതിനനുസരണമായി അവയെ ഉപയോഗപ്പെടുത്തുന്നതിനുള്ള അവകാശവും ഉണ്ടായി. ഈ അവകാശത്തെ നൽവരങ്ങളെക്കൊണ്ടുള്ള വ്യാപാരത്തിനുള്ള അവകാശമെന്നു പറയാം.

ആദാമിന്റെ അനന്തര നടപടികൾ പരിതാപകരമാണു്. ആകൽക്കറുസാ അദ്ദേഹത്തെ വഞ്ചിച്ചു. അദ്ദേഹം ദൈവനിയമത്തോടു് മത്സരിച്ചു. അതിനാൽ അദ്ദേഹം പാപിയും മാലിന്യമുള്ളവനും ആയിത്തീർന്നു. ഈ വീഴ്ചയെക്കുറിച്ചു് ആദാം സങ്കടപ്പെടുകയും മാനസാന്തരത്തിലേക്കു് വരികയും ചെയ്തു. ആദാമിന്റെ സങ്കടം ദൈവത്തിന്റെ കൃപാതിരേകം പ്രവഹിപ്പിക്കുന്നതിനിടയാക്കി. തിരിച്ചറിവു്, സ്വാതന്ത്ര്യം എന്നീ നൽവരങ്ങൾ ആദാമിൽ നിലനിറുത്തി, രക്ഷയുടെ വാഗ്ദത്തം നൽകി. എന്നാൽ അതിനു് ഒരു കാലാവധി വച്ചു. ഇപ്രകാരം വാഗ്ദത്തം ചെയ്ത രക്ഷാനിവൃത്തിയുടെ കാലംവരെ ആദാമിൽ നിന്നും സ്ഥാന നൽവരങ്ങൾ എടുത്തുകളഞ്ഞു. ആദാമിനു് സംഭവിച്ച അയോഗ്യതമൂലം നീതിമാനായ ദൈവ

ത്തിന് ആ നൽവരങ്ങൾ പിൻവലിക്കാതെ നിവൎത്തിയില്ലായിരുന്നു. ഈ സ്ഥാനഭ്രംശം വന്ന ആദാമിനെ പറുദീസായിൽനിന്നും ഇറക്കി വിടുകയും ചെയ്തു.

രക്ഷയുടെ വാഗ്ദത്തം എന്താണ്? നമ്മുടെ കൎത്താവേശുമ്ശീഹാ തന്നെ. രക്ഷ നിവൎത്തിപ്പാൻ ദൈവപുത്രനായ താൻ മനുഷ്യാവതാരം ചെയ്തു് രണ്ടാമത്തെ ആദാം എന്ന നാമം സ്വീകരിച്ചു. ഒന്നാമത്തെ ആദാമിൽനിന്നും ഉരിയപ്പെട്ട നൽവരങ്ങൾ താൻ കൈക്കൊണ്ടു. ഇപ്രകാരം നൽവരം സ്വീകരിച്ചതിനാൽ അഭിഷേകം ചെയ്യപ്പെട്ടവൻ എന്ന പേരുള്ളവനായിതീൎന്നു. മ്ശീഹാ എന്ന പദത്തിന്റെ അൎത്ഥം അഭിഷേകം ചെയ്യപ്പെട്ടവനെന്നാണ്. ഈ അഭിഷേകം എന്നു പറയുന്നതു് തന്റെ ഉദ്യോഗത്തിന്നാവശ്യമായ പട്ടമേല്ക്കലാണ്. ആദാമിനു പകരം താൻ ഇപ്രകാരം പട്ടമേററു. ഇങ്ങനെ പുരോഹിതനായിതീൎന്നു് ആദാമ്യവംശം മുഴുവനേയും രക്ഷിച്ചെടുപ്പാൻ ആവശ്യമുള്ള പൗരോഹിത്യകൎമ്മങ്ങൾ നിൎവ്വഹിച്ചു. അതിനാൽ മ്ശീഹാ നമ്മുടെ രക്ഷിതാവും കൎത്താവും ആകുന്നു. വാഗ്ദത്തമ്ശീഹായെന്നു് തന്നെക്കുറിച്ചു് പറയുന്നതു് ആദാമിനോടു് ചെയ്ത വാഗ്ദത്തത്തെ സൂചിപ്പിച്ചാകുന്നു. നമ്മുടെ പുണ്യമാകുന്ന യഹോവയെന്നും തനിക്കു് മറെറാരു മറുനാമമുണ്ടു്. എന്തെന്നാൽ നമുക്കു് യാതൊരു പുണ്യവുമില്ല. നമ്മുടെ പുണ്യം മ്ശീഹായാണ്, നമുക്കു് സ്വതെ വല്ല പുണ്യവുമുണ്ടെങ്കിൽ അതു് അറയ്ക്കത്തക്കതും വെറുക്കത്തക്കതുമായ കറ പുരണ്ട ജീൎണ്ണതുണിപോലെയാകുന്നു. (റോമ. 3: 9-26; എറമിയാ 23:6; ഏശാ. 64:6.)

ആദാമിന്റെ സന്തതിയായ കായേൻ ശപിക്കപ്പെട്ടവനായി വേർപെട്ടുപോയതു് എന്തുകൊണ്ടാണെന്നു് ഇവിടെ ചിന്തിപ്പാൻ ആവശ്യമാണ്. മേൽവിവരിച്ച വാഗ്ദത്തമ്ശീഹായിൽ അവൻ വിശ്വസിക്കാഞ്ഞതുകൊണ്ടത്രെ. അവൻ അവിശ്വാസിയായി അനുഗ്രഹം നഷ്ടപ്പെടുത്തി. എന്നാൽ ഹാബേൽ വാഗ്ദത്തമ്ശീഹായിൽ വിശ്വസിച്ചു. അതു് അവനു് അനുഗ്രഹമായിതീൎന്നു. അവൻ മ്ശീഹായുടെ മുൻകുറിയാണ്. മ്ശീഹായ്ക്കു് പല മുൻദൃഷ്ടാന്തങ്ങൾ ഉണ്ടെങ്കിലും അവയിൽ ഒന്നാമത്തെ ദൃഷ്ടാന്തം ഹാബേൽ ആകുന്നു. വാഗ്ദത്തമ്ശീഹായിലുള്ള വിശ്വാസം, ശരണം, സ്നേഹം എന്നിവമൂലം ഹാബേലിനു് സ്ഥാനനൽവരങ്ങൾ ലഭിച്ചു. ആദാം തള്ളപ്പെട്ടതുകൊണ്ടു് ആദാമിൽനിന്നും നൽവരങ്ങൾ ഹാബേലിനു് പ്രാപിപ്പാൻ നിവൎത്തിയുണ്ടായിരുന്നില്ല. എന്നാൽ മ്ശീഹായിലുള്ള വിശ്വാസം ഹാബേലിനു് ഉണ്ടാവുകയും അതു് നൽവരങ്ങൾക്കു് അവനെ യോഗ്യനാക്കുകയും ചെയ്തു. പട്ടത്വം ആദിയായ ഈ നൽവരങ്ങൾ ഹാബേൽ തുടങ്ങി നിഴൽരൂപേണ ക്രിസ്തുവരെ തലമുറ തലമുറയായി തുടൎന്നുപോന്നു. ഒന്നാമത്തെ ആദാമിൽനിന്നും അവ തുടരുവാൻ നിവൎത്തിയുണ്ടായിരുന്നില്ല. എന്തെന്നാൽ അദ്ദേഹം ഭ്രംശനാക്കപ്പെട്ടുവല്ലൊ. ഹാബേലിനു് വിശ്വാസത്താൽ ലഭിച്ചതു് ഹാബേലിന്റെ രക്തത്തിന്റെ നിലവിളികൊണ്ടു് ശേതിലേക്കും പിന്നീടു് ശേതിന്റെ സന്താനങ്ങൾക്കും ഇങ്ങനെ തുടരുകയാണുണ്ടായതു്. ഉല്പ. 4:25-26 മുടക്കുകൊണ്ടും ഭ്രംശംകൊണ്ടും പട്ടത്വവും, മാമ്മോദീസായും, വി. ആത്മാവും ഒരുവനിൽനിന്നു് പൊയ്പോകയില്ലെന്നു് വാദിക്കുന്നവരുണ്ടു്. അവരുടെ അഭിപ്രായം ആദാമിൽ നിന്നുതന്നെ നൽവരങ്ങൾ തലമുറ തലമുറയായി തുടൎന്നുപോന്നിരിക്കുന്നുവെന്നാണ്. അതു് പിശകാണ്. വാഗ്ദത്തമ്ശീഹായിൽനിന്നു് ഹാബേൽവഴിയായിട്ടാകുന്നു തുടസ്സവും തുടൎച്ചയും. ഹാബേലാണല്ലൊ വാഗ്ദത്തമ്ശീഹായുടെ പ്രഥമ ദൃഷ്ടാന്തം.

(തുടരും)

ചോദ്യോത്തരപംക്തി.

(തുടൎച്ച)

(പി. മാത്യു, പ്ലാത്തറവീടു്, ഇല്ലിക്കൽ, കോട്ടയം)

ചോദ്യം 8.

പള്ളിയിൽ പോകുന്നതിനേക്കാൾ കൂടുതൽ ആത്മീകഉണൎവ്വ് എനിക്കു കിട്ടുന്നതു് ഏകാന്തധ്യാനത്തിൽനിന്നാണ്. അതിനാൽ ഞാൻ പള്ളിയിൽ പോകുന്നില്ലെങ്കിൽ അതു തെററാണൊ?

ഉത്തരം:—

കൂദാശകൾ കൃപാമാൎഗ്ഗങ്ങളാകുന്നുവെന്നു് മനസ്സിലാക്കണം. വി. കുർബാനയിൽ സംബന്ധിക്കുകയെന്നതു് കുർബാന കാണുന്നതുകൊണ്ടു മാത്രമല്ല, അതു് അനുഭവിക്കുന്നതുകൊണ്ടുകൂടിയാണ്. വി. കുർബാനയുടെ ഓരോ ഭാഗവും മനസ്സിരുത്തി ഗ്രഹിക്കുകയും അതിൽമാത്രം ശ്രദ്ധിച്ചു് അൎത്ഥം മനസ്സിലാക്കി 'ആമ്മീൻ, കുറിയേലായിസ്സോൻ' മുതലായവ, ഏററുപറഞ്ഞു് സംബന്ധിക്കുകയും അടുത്തടുത്തു് കുമ്പസ്സാരിച്ചു് വി. കുർബാന അനുഭവിക്കുകയും ചെയ്യുമ്പോൾ അനുഭവത്തിൽ നമുക്കു് ആത്മീകഉണൎവ്വ് ലഭിക്കുകതന്നെ ചെയ്യും. വി. കുർബാന, ഓൎമ്മയ്ക്കും പ

പമോചനത്തിനും നിത്യജീവനുംവേണ്ടിയുള്ള മാധുൎയ്യബലിയാകുന്നു എന്നറിഞ്ഞു് ധ്യാനത്തോടുകൂടി അതിൽ സംബന്ധിച്ചാൽ പുറത്തുവച്ചുള്ള ഏകാന്തധ്യാനത്തേക്കാൾ പതിനായിരം മടങ്ങു് അനുഭവം ലഭിക്കും. മരിച്ചുപോയ എല്ലാ വിശ്വാസികളും സംബന്ധിക്കുന്ന വി. ബലിയിൽ സംബന്ധിച്ചു് പാപമോചനവും നിത്യജീവനും സമ്പാദിക്കാതിരിക്കുന്നതു് ശരിയാണൊ എന്നു് നിങ്ങൾതന്നെവിധിക്കുക.

ചോദ്യം 9.

"ചെവിയുള്ളവൻ കേൾക്കട്ടെ" എന്നു് ക്രിസ്തു പലതവണ പറഞ്ഞിട്ടുണ്ടു്. ഇതിന്റെ അൎത്ഥം എന്തു്?

ഉത്തരം:—

ഇവിടെ ചെവിയെന്നു പറയുന്നതു് ആത്മാവിന്റെ ചെവിയെകുറിച്ചാകുന്നു. താൻ പറയുന്നതിന്റെ ആത്മിക അൎത്ഥം ആത്മചെവിയുള്ളവൻ ഗ്രഹിക്കട്ടെ എന്നുള്ളതാണ്.

ചോദ്യം 10.

യേശുവിന്റെ ജനനംമൂലം ഹേരോദേസിന്റെ കല്പനയാൽ അനവധി കുട്ടികൾ വധിക്കപ്പെട്ടുപോയല്ലൊ അവരെ രക്തസാക്ഷികളായി കണക്കാക്കാമൊ?

ഉത്തരം:—

കൊല്ലപ്പെട്ട കുട്ടികളെല്ലാം യഹൂദകുട്ടികളും കൎത്താവിനുവേണ്ടി കൊല്ലപ്പെട്ടവരും ആകയാൽ അവരെ പരിശുദ്ധ സഹദേന്മാരായിട്ടാണ് വി. സഭ കൈക്കൊണ്ടിരിക്കുന്നതു്.

ഫാദർ പി. സി. അബ്രാഹം.

ചോദ്യം

വിവാഹം ഒരു കൂദാശയായി തീരുന്നതെങ്ങിനെ?

ഉത്തരം:—

വിവാഹം എന്നതു് പുരുഷനും സ്ത്രീയും തമ്മിൽ വേർതിരിയുവാൻ പാടില്ലാത്തവണ്ണം ആത്മപ്രകാരം അവരെ ബന്ധിക്കുകയും അവൎക്കും അവരുടെ സന്തതികൾക്കും ദൈവത്തിൽനിന്നും അനുഗ്രഹങ്ങളും വാഴ്വുകളും കൊടുക്കുകയും ചെയ്യുന്ന ഒരു വി. കൂദാശയായി പരിശുദ്ധ പിതാക്കന്മാർ ക്രമീകരിച്ചു് ഏഴു കൂദാശകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിവാഹം എല്ലാവൎക്കും ബഹുമാനമുള്ളതും അവരുടെ കട്ടിൽ വെടിപ്പുള്ളതുമാകുന്നു. എന്നാൽ വിശ്വാസംഗക്കാരെയും വ്യഭിചാരികളെയും ദൈവം ന്യായം വിധിക്കുന്നു. (എബ്രാ. 13: 4) ആകയാൽ ദൈവം ഇണചേൎത്തതിനെ മനുഷ്യൻ വേർതിരിക്കരുതു്. (മത്താ. 19: 6) പുരുഷനു് സ്ത്രീ വിവാഹം പറഞ്ഞു് ബോധിക്കപ്പെടുന്നതു് കൎത്താവിനാൽ ആകുന്നു. (സുഭാ. 19: 14)

പി. വി. പൌലൂസ്, മേയ്ക്കാട്ടു്.

ചോദ്യം

"പാപമോചനത്തിനു് മാമ്മോദീസാ ഒന്നുമാത്രമെയുള്ളു" വെങ്കിൽ വി. കുമ്പസാരത്താൽ പാപമോചനം ലഭ്യമാകുമൊ?

ഉത്തരം:—

"പാപമോചനത്തിനു് മാമ്മോദീസ്സാ ഒന്നുമാത്രമെയുള്ളു" എന്നുള്ളതു് വി. സഭയിലേക്കു് പ്രവേശിക്കുന്ന ഒരാൾ ഏററുപറയുന്ന വിശ്വാസപ്രമാണത്തിലെ ഒരു ഭാഗമാണ്. ഇതിന്റെ അൎത്ഥം, ജന്മകൎമ്മപാപങ്ങളുടെ മോചനത്തിനു് ഒരുത്തനെ ഒരു പ്രാവശ്യം മാത്രമല്ലാതെ രണ്ടാമതു് മാമ്മോദീസാ മുക്കിക്കൂടാ എന്നാണ്. അതായതു് വി. സഭയിൽ ഒരുത്തൻ പ. മാമ്മോദീസാവഴി ഒരു പ്രാവശ്യംമാത്രം വീണ്ടും ജനിക്കുന്നു. ഈ 'വീണ്ടും ജനനം' കൎത്താവിനോടുകൂടി മരിച്ചു് ഉയൎത്തെഴുന്നേല്ക്കുന്നതിനു് സമമാകയാൽ, കൎത്താവിന്റെ മരണത്തിലെ പങ്കാളി എന്ന നിലയിൽ, അന്നുവരെയുള്ള അവന്റെ ജന്മകൎമ്മപാപങ്ങൾ മോചിക്കപ്പെടുന്നു. ഇനി ആ പാപങ്ങൾക്കുവേണ്ടി രണ്ടാമതു് ഒരു മാമ്മോദീസാ ഒരിക്കലും നടത്തിക്കൂടാ. എന്നാൽ മാമ്മോദീസാക്കുശേഷം ഒരുവൻ ചെയ്തുപോകുന്ന കൎമ്മപാപങ്ങൾക്കു് മോചനം ലഭിപ്പാനാണ് അടുത്തടുത്തു് വി. കുമ്പസ്സാരം നടത്തി വി. കുർബ്ബാന അനുഭവിക്കണമെന്നു് വി. സഭ നിശ്ചയിച്ചിരിക്കുന്നതു്.

കെ. കെ. മൎക്കോസ്.

ചോദ്യം 1.

പുതിയനിയമത്തിൽ 'മറിയം' എന്നു പേരുള്ള പലരേയും കാണുന്നുണ്ടു്. അവരെപററി വിശദമായി അറിയിക്കാമൊ?

ഉത്തരം:—

എബ്രായർ "മിൎയ്യാം" എന്നും യവനർ "മറിയ" എന്നും ഈ പേർ പറഞ്ഞുവന്നു. പുതിയനിയമത്തിൽ 'മറിയ' എന്നു പേരുള്ള ആറുപേരെ കാണുന്നുണ്ടു്.

1. ചെറിയ യാക്കോബിന്റേയും യോസയുടേ

യും അമ്മയായ മറിയ. ഇവർ ഗലീലാനാട്ടിൽനിന്നും യേശുവിനെ ശുശ്രൂഷിപ്പാൻ വന്ന സ്ത്രീകളിൽ ഒരുത്തിയായിരുന്നു. ഇവർ 'മറെറ മറിയാ' എന്നും 'ചെറിയ യാക്കോബിൻേറയും യോസയുടേയും അമ്മ മറിയ' എന്നും 'യോസയുടെ അമ്മയായ മറിയ' എന്നും 'യാക്കോബിൻെറ അമ്മയായ മറിയ' എന്നും പറയപ്പെട്ടിരിക്കുന്നു. (മത്താ. 27:41; 28:1; മർക്കോ. 15:40; 16:1; ലൂക്കോ. 24:10.) ഇവർ തന്നെയാണു് "ക്ലേയൊപ്പാ മറിയ" എന്നു് ചിലർ പറയുന്നു. (യോഹ. 19:25) യേശുവിനെ ക്രൂശിച്ചപ്പോൾ അവിടെ നിന്നിരുന്ന സ്ത്രീകളിൽ ഒരുത്തി ഇവളായിരുന്നു. (മത്താ. 26: 56) ഇവർ യേശുവിൻെറ അമ്മയായ മറിയത്തിൻെറ സഹോദരിയാണെന്ന അഭിപ്രായമുള്ളവരുമുണ്ടു്. (യോഹ. 19:25.)

2. ലാസറിൻെറ സഹോദരിയായ മറിയ. ഇവർ, യേശു ലാസറിനെ ഉയിപ്പിക്കുവാൻ വന്നപ്പോൾ അവനെ നമസ്കരിച്ചു. (യോഹ. 11:28) യേശു ബെഥാന്യയിൽ ഭക്ഷണത്തിനിരിക്കുമ്പോൾ ഇവർ അവൻെറ പാദത്തിൽ പരിമളതൈലം പൂശി. (മത്താ. 26:7; മർക്കോ. 14:3; യോഹ 12:3) ഇവളുടെ ബഥാന്യായിലെ വീട്ടിൽ യേശുതമ്പുരാൻ സാധാരണ പോകാറുണ്ടായിരുന്നു.

3. മഗ്ദലക്കാരത്തി മറിയ. മഗ്ദല എന്ന ഗ്രാമം ഗലീലാകടലിൻെറ വടക്കുപടിഞ്ഞാറെ തീരത്തിൽ സ്ഥിതിചെയ്യുന്നു. യേശു ഇവളിൽനിന്നും ഏഴു ഭൂതങ്ങളെ പുറത്താക്കിയെന്നു പറയുന്നു. (ലൂക്കോ. 8:2; മർക്കോ. 16:9) ഇവർ പരീശൻെറ വീട്ടിൽവെച്ചു് കർത്താവിൻെറ കാലിൽ തൈലം പൂശി. (ലൂക്കോ. 7:38) കർത്താവിൻെറ ക്രൂശികൽ ഇവർ ഉണ്ടായിരുന്നു. (മത്താ. 27:55) ശിഷ്യന്മാർ യേശുവിൻെറ ശരീരത്തെ അടക്കം ചെയ്തപ്പോൾ ഇവർ കൂടെ ഉണ്ടായിരുന്നു. (മർക്കോ. 15:47) ഇവർ യേശു ഉയർത്തെഴുന്നേററ ദിവസം അതിരാവിലെ കല്ലറയിൽ പോയി. (യോഹ. 20:1) ഉയർപ്പിനുശേഷം യേശു ഇവർക്കു് പ്രത്യക്ഷനായി. (യോഹ. 20:11)

4. യേശുവിൻെറ അമ്മ മറിയ. കന്യക മറിയാമെന്നും ഇവർക്കു് പേരുണ്ടു്. ഇവളിൽനിന്നും യേശു ജനിച്ചു. (മത്താ. 1:16; ലൂക്കോ. 2:7) ക്രൂശുമരണസമയത്തു് ഇവളെ താൻ യോഹന്നാനെ ഏല്പിച്ചു. (യോഹ. 19:26) യേശുതമ്പുരാൻെറ സ്വർഗ്ഗാരോഹണശേഷം ഇവർ മറെറ ശിഷ്യന്മാരോടുകൂടി പ്രാർത്ഥനായോഗത്തിൽ സംബന്ധിച്ചിരുന്നു. (നട. 1:14)

5. മർക്കോസ് എന്നു് മറുപേരുള്ള യോഹന്നാൻെറ അമ്മയായ മറിയ. (നട. 12:12) സെഹിയോൻ മാളിക ഇവളുടെ വീടായിരുന്നു. പെന്തിക്കൊസ്തിദിവസം പരിശുദ്ധാത്മാവു് ഇറങ്ങിയതും യാക്കോബ്ശ്ലീഹാ അന്ത്യമായി ബലി അർപ്പിച്ചതും പെസഹാഭക്ഷണം നടത്തിയതും മറ്റും ഇവിടെ വെച്ചായിരുന്നുവെന്നു് വിശ്വസിക്കപ്പെടുന്നു.

6. റോമാസഭയിൽനിന്നും വന്ന മറിയ. (റോമർ 16:6) ഇവളെ പ്രത്യേകാൽ വന്ദനം ചൊല്ലുവാൻ വി. പൌലോസ് പറയുന്നു. എന്തുകൊണ്ടെന്നാൽ ഇവൾ വി. പൌലോസിനേയും റോമാസഭയിലെ അന്നത്തെ വിശ്വാസികളേയും സേവിച്ചവളായിരുന്നു.

ചോദ്യം 2.

മഗ്ദലക്കാരത്തി മറിയവും ലാസറിൻെറ സഹോദരി മറിയവും ഒരാൾതന്നെയൊ?

ഉത്തരം:—

ഇവർ രണ്ടുപേരും ശീമോൻെറ വീട്ടിൽവച്ചു കർത്താവിൻെറ കാലിൽ പരിമളതൈലം പൂശിയതായി പറയുന്നതുകൊണ്ടു് രണ്ടും ഒരാളാണെന്നു് അഭിപ്രായപ്പെടുന്നവരുണ്ടു്. എന്നാൽ ആ അഭിപ്രായം ശരിയല്ല. അതിനുള്ള തെളിവുകൾ താഴെ ചേർക്കുന്നു:—

1. ലാസറിൻെറ സഹോദരി മറിയ യേശുവിനേയും നടത്തുള്ള ബെഥാന്യായിൽ വെച്ചാണു് കർത്താവിനെ തൈലം പൂശിയതു്. എന്നാൽ മഗ്ദലക്കാരത്തി മറിയമാകട്ടെ ഗലീലയിൽവെച്ചാണു് തൈലം പൂശിയതു്. ഇവ സ്ഥലങ്ങൾ തമ്മിൽ ഉദ്ദേശം 60 മൈൽ അകലമുണ്ടു്.

2. യേശുവിനു് വിരുന്നു കഴിച്ച രണ്ടുപേർക്കും ശീമോൻ എന്ന പേരുണ്ടെങ്കിലും ഒരുത്തനെ കുഷ്ഠരോഗിയെന്നും മറെറവനെ പരീശനെന്നും പറയപ്പെട്ടിരിക്കുന്നു. യഹൂദന്മാരുടെയിടയിൽ ശീമോൻ എന്ന പേരുകാർ ധാരാളമുണ്ടു്.

3. ലാസറിൻെറ സഹോദരി മറിയയെ എല്ലാവരും ഏഴു സ്വകൃതയായ ഒരു സ്ത്രീയായിട്ടല്ലാതെ പാപനിയായിട്ട് ഒരിക്കലും എണ്ണിയിട്ടില്ല. ഗലീലയിലെ സ്ത്രീയാകട്ടെ, അവൾ പട്ടണത്തിലെ പരസ്യവേശ്യയായി എല്ലാവരാലും അറിയപ്പെട്ടിരുന്നു.

ബഥാന്യായിൽ യേശു നല്കിയ ഉപദേശവും ഗലീലയിൽ അവൻ നല്കിയ ഉപദേശവും വേറെവേറെയാണു്. അതിനാൽ രണ്ടു് സന്ദർഭങ്ങളാണെന്നു തെളിയുന്നു.

5. ഗലീലയിൽവെച്ചു് കർത്താവിനെ തൈലം പൂശിയ സ്ത്രീയെപ്പററി ഒരു പാപിനിയായ സ്ത്രീയെന്നല്ലാതെ വി. ലൂക്കോസ് അവളുടെ പേർ പറയുന്നില്ല. (ലൂക്കോ. 7: 37)

6. ഇപ്രകാരം അതിഥികളുടെ പാദങ്ങളിൽ തൈലം പൂശുന്നതു് അക്കാലത്തു് പതിവായിരുന്നതിനാൽ രണ്ടു സ്ത്രീകൾ വിവിധ കാലങ്ങളിൽ വിവിധസ്ഥലങ്ങളിൽവെച്ചു് കർത്താവിനെ തൈലം പൂശിയെന്നു വിചാരിപ്പാൻ ന്യായമുള്ളു.

●

ഒ ജോസഫ്, കിഴക്കൊമ്പു്.

ചോദ്യം 1.

പുണ്യസ്ഥല സന്ദർശനം, മൂലം ദൈവത്തിൻെറ സ്വവ്യാപകത്വത്തെ നാം നിഷേധിക്കുകയല്ലയൊ ചെയ്യുന്നതു്?

ഉത്തരം:—

ജീവനോടെയിരിക്കുമ്പോൾ ഒരു പരിശുദ്ധനെ സന്ദർശിച്ചു് അനുഗ്രഹം പ്രാപിക്കുന്നതുപോലെതന്നെയാണു്, അദ്ദേഹം മരിച്ചതിനു ശേഷവും അദ്ദേഹത്തിൻെറ അസ്ഥികൾ സന്ദർശിച്ചു് ദൈവത്തിൽനിന്നും അനുഗ്രഹം പ്രാപിക്കുന്നതു്. അങ്ങിനെ ചെയ്യുന്നതുകൊണ്ടു് ദൈവത്തിൻെറ സ്വവ്യാപകത്വം നിഷേധിക്കുകയല്ല, പ്രത്യുത സമ്മതിക്കുകയാണു് ചെയ്യുന്നതു്. കബറിങ്കൽ പ്രാർത്ഥന നടത്തുന്നതു് ഹൃദയത്തെ സ്പർശിക്കുവാൻ എളുപ്പമാകുന്നുവെന്നു് സ്വന്തം മാതാപിതാക്കന്മാരുടെ കബറിങ്കൽ പോയി പ്രാർത്ഥിക്കുമ്പോൾ അറിയാം. പരിശുദ്ധന്മാരെ സംബന്ധിക്കുന്ന പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതുകൊണ്ടു് ചരിത്രസംബന്ധമായ അറിവു് ലഭിക്കുന്നതിനു പുറമെ വി: വേദപുസ്തകത്തിലെ സത്യങ്ങൾ ദൃഢമായി മനസ്സിൽ ഉറക്കുന്നതിനും വിശ്വാസസ്ഥിരത ലഭിക്കുന്നതിനും അതായതു പരിശുദ്ധന്മാരോടു് ഹൃദയംഗമമായി മദ്ധ്യസ്ഥത യാചിച്ചു് ദൈവത്തിൽനിന്നും അനുഗ്രഹം പ്രാപിക്കുന്നതിനും സാധിക്കുന്നു.

"അവരുടെ അസ്ഥികളെ അവർ എടുത്തു് യാബീശിലുള്ള ഒരു പുന്നവൃക്ഷത്തിൻകീഴിൽ കബറടക്കി, ഏഴു ദിവസം നോമ്പു് നോല്ക്കുകയും ചെയ്തു." (1 ശമു. 31:13)

അവർ അവനെ കബറടക്കിയതിൻെറ ശേഷം അവൻ അവൻെറ പുത്രന്മാരോടു് പറഞ്ഞു: 'ഞാൻ മരിക്കുമ്പോൾ ദൈവത്തിൻെറ ദീർഘദർശിയെ അടക്കിയിരിക്കുന്ന കബറിൽതന്നെ എന്നെയും അടക്കുവിൻ. അവൻെറ അസ്ഥികളുടെ അരികെ എൻെറ അസ്ഥികളേയും ഇടുവിൻ' (1. രാജാ. 13:31)

"അവർ ഒരു മനുഷ്യനെ കബറടക്കുമ്പോൾ, കവർച്ചക്കാരെ കണ്ടിട്ടു് ആ മനുഷ്യനെ ഏലീശായുടെ കല്ലറയിലിട്ടു. അവൻ ഏലീശായുടെ അസ്ഥികളിന്മേൽ മുട്ടിയപ്പോൾ ജീവനുള്ളവനായി എഴുന്നേറു നിന്നു." (2. രാജാ. 13:21)

"ശാബാത്ത് കഴിഞ്ഞശേഷം മഗ്ദലക്കാരി മറിയയും യാക്കോബിൻെറ അമ്മ മറിയയും ശലോമയും ചെന്നു് കർത്താവിനെ പൂശേണ്ടുന്നതിനു് (കബറിൽ) സുഗന്ധവർഗ്ഗങ്ങൾ വാങ്ങി.....കാലത്തു് സൂര്യൻ ഉദിച്ചപ്പോൾ അവർ കല്ലറയ്ക്കൽ ചെന്നു." (മർക്കോസ് 16:1-2)

ചോദ്യം 2.

കർത്താവിൻെറ ദിവസമായ ഞായറാഴ്ചമാത്രം വി. കുർബ്ബാന ചൊല്ലിയാൽ പോരെ? മൂന്നമ്മൽ കുർബ്ബാനക്കു് ഒററ കുർബ്ബാനയേക്കാൾ അനുഭവക്കുറവുണ്ടോ? ശനിയാഴ്ച കുർബ്ബാനയുടെ പ്രത്യേക കാരണമെന്തു്?

ഉത്തരം:—

1. വി. കുർബ്ബാന ജീവനുള്ളവർക്കും മരിച്ചുപോയവർക്കും വേണ്ടിയുള്ള നിത്യബലിയാണു്. അതു് വിലക്കപ്പെട്ടിരിക്കുന്ന ദിവസങ്ങളൊഴികെ [നോമ്പിലെ ഉപവാസദിവസങ്ങൾ] എല്ലാ ദിവസങ്ങളിലും നിവർത്തിക്കപ്പെടാവുന്നതാണു്.

2. പട്ടക്കാർ കൂടുതലുള്ളപ്പോഴും കുർബ്ബാന അനുഭവിക്കുവാൻ ആളുകൾ അധികമുള്ളപ്പോഴും ചൊല്ലിക്കുവാൻ ആഗ്രഹമുള്ളവരുള്ളപ്പോഴും ഏതു കുർബ്ബാനയെങ്കിലും ഒരുമിച്ചു് ചൊല്ലാവുന്നതാണു്. എന്നാൽ ഒരു ത്രോണോസ്സിൽ ഒരു ദിവസം ഒരു പട്ടക്കാരൻ ഒരു കുർബ്ബാനമാത്രമെ ചൊല്ലാവു. ഒന്നിൽ കൂടുതൽ പട്ടക്കാരൻ ഒരേ സമയം ഒരു അനുതാപിക്കവേണ്ടി വി. ബലിയുടെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിക്കണമെന്നു് അഭ്യർത്ഥിക്കുമ്പോഴാണു് ഒന്നിൽ കൂടുതൽ കുർബ്ബാന ഒരു സമയത്തുതന്നെചൊല്ലുവാൻ ആവശ്യം വരുന്നതു്. കുർബ്ബാനകൾ എല്ലാം ഒന്നുതന്നെ. എന്നാൽ അനുഭവം, പ്രയോജനപ്പെടുത്തുന്നവരെ ആശ്രയിച്ചിരിക്കുന്നു.

3. ശനിയാഴ്ച കർത്താവിൽ നിദ്രപ്രാപിച്ച വിശ്വാസികളുടെ പ്രത്യേക ഓർമ്മദിവസമാണ്. അതിനാൽ മരിച്ചുപോയവർക്കുവേണ്ടിയുള്ള "ആന്നീദാ" കർബ്ബാനകൾ അന്നേദിവസം ചൊല്ലിക്കുകയെന്നതു് പതിവായിതീർന്നു. എന്നാൽ മരിച്ച തീയതിക്കണക്കിന് കർബ്ബാന ചൊല്ലിക്കുന്നവരും ധാരാളമുണ്ട്.

●

തമ്പി വലിയവീട്ടിൽ, തിരുവാങ്കുളം.

ചോദ്യം 1.

ക്രിസ്തുമസ്സ്ദിനം ക്രിസ്തുവിന്റെ ജന്മദിനത്തെയല്ല സൂചിപ്പിക്കുന്നതെന്നും എന്നാൽ അതു് പുറജാതികളുടെ സൂര്യോത്സവത്തിന്റെ ഒരു വകഭേദമാണെന്നും പറയുന്ന വാദം ശരിയാണൊ?

ഉത്തരം:—

ക്രിസ്ത്യാനികളുടെ ക്രിസ്തുമസ്സ്, ക്രിസ്തുവിന്റെ ജനനപ്പെരുന്നാൾ ദിനാഘോഷമാകുന്നു. ക്രിസ്തുവിന് ഏഴു ശതാബ്ദങ്ങൾക്കു മുമ്പാണ് പുറജാതികൾ സൂര്യാരാധന ആരംഭിച്ചതു്. (ഇയ്യോ. 31:26, 28) (2 ദിന. 34:4) കിഴക്കോട്ടു നോക്കിനിന്ന് "ആകാശരാജ്ഞി"യെ ആരാധിക്കുന്നതായി യറമിയാ 7; 18; 44:19-ലും കാണുന്നു. പുറജാതി രാജാവായ അന്ത്യോഖ്യസ് എഫിപ്പാനസ് ക്രി. മു. 168-ൽ യേരുശ്ലേം ദേവാലയത്തെ അശുദ്ധമാക്കിയ ശേഷം യൂദാസ് മക്കാബിയൻ ക്രി. മു. 165-ൽ ഡിസംബർമാസം 25-ാംനു- അതിനെ ശുദ്ധീകരിച്ച് വീണ്ടും ദൈവാരാധന നടത്തുന്നതിനായി പ്രതിഷ്ഠ നടത്തിയതുകൊണ്ട് അന്നുമുതൽ യഹൂദന്മാർ ആണ്ടുതോറും ആ ദിവസത്തെ ഓർമ്മിക്കുന്നതിനായി "പ്രതിഷ്ഠോത്സവപ്പെരുന്നാൾ" ആഘോഷിച്ചുപോന്നു. പുറജാതികളുടെ സൂര്യാരാധനയുടെ ഓർമ്മകൊണ്ടും അഗ്നിബലിയുടെ സാദൃശ്യത്തിലും എട്ടു ദിവസത്തെ പ്രതിഷ്ഠോത്സവപ്പെരുന്നാളിൽ യഹൂദവീടുകളിൽ ദീപക്കാഴ്ച നടത്തിക്കൊണ്ടിരുന്നു. ആ കാലങ്ങളിൽ പള്ളികളിൽ ജനം ഒരുമിച്ചുകൂടി 113-118 വരെ മസ്സുമൂറുകൾ ചൊല്ലി ദൈവത്തിന് സ്തോത്രം പാടുക പതിവായിരുന്നു. "ദീപോത്സവം" എന്ന പേരിനാൽ അറിയപ്പെട്ടിരുന്ന ഈ പെരുന്നാൾ, സൂര്യാരാധനയുടെ ഒരു നിഴലായിരുന്നിരിക്കണം.

പുതിയ നിയമത്തിലേക്കു വരുമ്പോൾ നമ്മുടെ കർത്താവ് മീനം 25-ാംനു- (സൂബോറൊ) കന്യകമറിയാമിന്റെ ഉദരത്തിൽ പരിശുദ്ധാത്മാവിനാൽ ജഡമെടുത്തു. മേടം, ഇടവം, മിഥുനം, കർക്കടകം, ചിങ്ങം, കന്നി, തുലാം, വൃശ്ചികം ഈ മാസത്തിനുശേഷം ധനു 25-ാംനു- ഒമ്പതു് പൂർണ്ണമാസങ്ങൾക്കുശേഷം കന്യക തന്നെ പ്രസവിക്കുന്നു. കർത്താവിന്റെ ഈ ജനനദിവസത്തെയാണ് നാം ക്രിസ്തുമസ്സായി ആഘോഷിക്കുന്നതു്. ഇതു് ഒരു ചരിത്രസംഭവമാകകൊണ്ട് ആർക്കും നിഷേധിക്കുവാൻ നിവർത്തിയില്ല. പഴയകാലത്തെ പുറജാതികളുടെ സൂര്യോത്സവവും ക്രിസ്തുസഭയിലെ ക്രിസ്തുമസ്സ്ദിനവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് ഇതിൽനിന്നും ഗ്രഹിക്കാമെന്ന് വിശ്വസിക്കുന്നു.

കെ. പി. പൌലൂസ്, ചെങ്ങമനാട്.

ചോദ്യം:— വി. സഭയിലെ സ്ത്രീകൾക്ക് അവരുടെ ആത്മീകവർദ്ധനവിനുവേണ്ടി വേദവായന, പാട്ട്, ധ്യാനം, ഉപദേശങ്ങൾ മുതലായവ, അവരുടെ ചുമതലയിൽ തന്നെ വി. കർബ്ബാനക്കുശേഷം പള്ളിമുറിയിലൊ പുറത്ത് സൌകര്യമുള്ള വീട്ടിൽവെച്ചൊ നടത്തുന്നതിൽ വിരോധമുണ്ടൊ.?

ഉ:— സ്ത്രീയോഗങ്ങൾ സഭാ ശട്ടംകെട്ടിന് വിധേയമായ രീതിയിൽ നടത്തുന്നതിൽ യാതൊരു വിരോധവുമില്ല. എന്നാൽ അതു് ഏതിടവകയിൽ വെച്ച് നടത്തുന്നുവോ ആ ഇടവകയിലെ വികാരിയുടെ അറിവോടും ആലോചനയോടുംകൂടി വേണം നടത്തുവാൻ. അതിൽ ഉപയോഗിക്കുന്ന പ്രാർത്ഥനകൾ, പാട്ടുകൾ, ധ്യാനങ്ങൾ മുതലായവ സഭ സ്വീകരിച്ചിട്ടുള്ളവയായിരിക്കണം. ഉപദേശങ്ങൾ വിശ്വാസത്തെ ഉറപ്പിക്കുന്നവയും സ്ത്രീകളുടെ ആത്മീകവളർച്ചക്ക് ഉപയുക്തങ്ങളായവയും ആയിരിക്കുവാൻ പ്രത്യേകം സൂക്ഷിക്കണം. അതിന്റെ ചുമതലക്കാരനും സ്ഥിരം പ്രസിഡന്റും ഇടവക വികാരി തന്നെ ആയിരുന്നാൽ കൊള്ളാം.

തിരുത്തൽ.

"7-ാംലക്കം 139-ാം പേജ് 1-ാം കോളം 8-ാംവരി നി. വ. ദി. ശ്രീക്കു മുമ്പ് "സഹായ മെത്രാപ്പോലീത്താ" എന്ന് ചേർത്തു വായിക്കണം."

വിവാഹഗീതങ്ങൾ

(തുടർച്ച)

(നെടുന്തള്ളിൽ വറുഗീസ് കത്തനാർ, മഞ്ഞപ്ര.)

"മോ ശാഫീറാത്തു് ബസ്ആമെ"- ലയം 'വിവർത്തനം'

ജാതിയിൻ മകളെ സുന്ദരിനീ — ഹാ സുന്ദരിനീ.
ശ്ലേമോനരചൻ തിരുസഭയാംനിന്നെ വർണ്ണിക്കുന്നു.
തേൻകട്ടകൾ നി — ന്നധരേ പൊഴിയുന്നു.
അങ്കികൾ സുഗന്ധം — നീസോൻ കുസുമംപോൽ
സുന്ദരമല്ലൊ സഭയഖിലം കറയതിലില്ലേ — തും
കരിശിനെവന്ദിക്കും നിന്നെ കാക്കും മ്ശീഹാ— നൃപൻ
..... ഹാലേ ..... എവുഹാലേ .....

ജാതിയിൻ മകളെ സുന്ദരിനീ ഹാ സുന്ദരിനീ
അഖിലാണ്ഡത്തിലുദിച്ചുയരും സൂര്യനു സമമല്ലോനീ
നിൻ നെററിയതിൽ — സ്ലീബാ റൂശ്മയതായ്
നിന്നധരങ്ങൾ — സ്തോത്രം പാടുന്നു.
തിരുരക്തത്താൽ നിന്നധരം ശോഭിച്ചീടുന്നു
രാപകലഖിലം നിൻപ്രജകൾ സ്തോത്രം പാടീടുന്നു.
..... ഹാ ..... ഉഹാ .....
ശുബഹോ..... മെനഓ.....

ശബ്ദത്താലത്യുന്നതനെ സ്തുതിയവൾ പാടീടുന്നു
മീവൽപക്ഷിയതിൻ സമമായീടുന്നല്ലോ സഭ
കരത്തിൽ ദാവീ — ദിൻ കിന്നരമേന്തി
അവൾ ഈറേന്മാ — ക്കൊപ്പംപാടുന്നു
ലോകമതിൽ കരുണാ മാരീ വർഷിപ്പിച്ചീടുവാൻ
ബഹുരസമായൊരു വീണയതാൽ സ്തുതിയവൾ പാടീടുന്നു
ഹാ:..... ഉഹാ:.....

കോട്ടകൾ മൂന്നെന്നെ വളഞ്ഞു സഭയുരചെയ്യുന്നു
വഞ്ചകനാം സാത്താനെന്നിൽ കടപ്പാൻ കഴിവില്ലേതും
അവന്റെ സഖിയ്ക്ക് — കോട്ടയിൽസ്ഥലമില്ല
മൂന്നുംതമ്മിൽ — ഉള്ളൊരുയോജിപ്പാൽ
ഏകമതാം പിതൃപുത്രവിശുദ്ധാത്മാവാം ത്രിത്വം
മോഹനിയാം മണവാട്ടിപോൽ നിർത്തീ അവരെന്നെ
ഹാ:..... ഉഹാ:.....

(7-ാംലക്കം 136-ാം പേജ് വിവാഹഗീതം 3-ാം വരി "നീ നീട്ടി നിൻ" എന്നതു് "നീട്ടി തിരു" എന്നു തിരുത്തി വായിക്കണം.)

സമുദായവാർത്തകൾ.

മാർ ഇഗ്നാത്തിയോസ് ധർമ്മാസ്പത്രി, അങ്കമാലി.

അങ്കമാലി, മാർ ഇഗ്നാത്തിയോസ് സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന മാർ ഇഗ്നാത്തിയോസ് ധർമ്മാശുപത്രി (Poor Dispensary) യെപററി ഈ പംക്തികളിൽ മുൻ പ്രസ്താവിച്ചിരുന്നതു് വായനക്കാർ ഓർമ്മിക്കുമല്ലൊ. ടി. ഡിസ്പെൻസറി ഉൽഘാടനം ചെയ്തിട്ട് ഇതിനകം 4½ മാസക്കാലംകൊണ്ട് 2000 (രണ്ടായിരത്തി)ലധികം രോഗികളെ ഇവിടെ ചികിത്സിക്കുകയുണ്ടായി. നാനാദേശങ്ങളിൽനിന്നും വന്നുചേരുന്ന പുതിയ രോഗികളുടെ എണ്ണം ക്രമേണ വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. മരുന്നുകളുടെ ശക്തിയിലൊ ഡാക്ടർമാരുടെ സാമർത്ഥ്യത്തിലൊ മാത്രം ആശ്രയിക്കാതെ ദൈവകൃപയിലും മാർ ഇഗ്നാത്തിയോസ് പിതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥതയിലും ആശ്രയിച്ച് നടത്തിവരുന്ന ഇവിടത്തെ ചികിത്സ അനേകർക്കും വളരെ അത്ഭുതകരമാംവണ്ണം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. സാധാരണ രോഗങ്ങൾക്കുപുറമെ സർപ്പവിഷം, എലിവിഷം, കോളറ, മഞ്ഞപിത്തം, വിവിധ തരത്തിലുള്ള ത്വക്രോഗങ്ങൾ, സ്ത്രീകളുടെ ഗർഭകാലരോഗങ്ങൾ, കുട്ടികളുടെ രോഗങ്ങൾ മുതലായവ ഇവിടെ പ്രത്യേകമായി ചികിത്സിച്ചുവരുന്നു. ഇതിനകം കഠിനവിഷബാധിതരായ (സർപ്പവിഷം) 6 രോഗികളെ ഏതാനും മണിക്കൂറുകൾകൊണ്ട് ഇവിടെ ചികിത്സിച്ച് സുഖപ്പെടുത്തുകയുണ്ടായി. ജാതിമതഭേദമെന്യെ അശതികളും ദരിദ്രരുമായ എല്ലാവർക്കും ഇവിടെ സൌജന്യ ചികിത്സാസഹായം നല്കിവരുന്നു. എല്ലാ വിധത്തിലും ഈ സ്ഥാപനം സ്ഥലത്തും പരിസരങ്ങളിലുമുള്ള അനേകർക്ക് ഒരു വലിയ അനുഗ്രഹമായി നിലകൊള്ളുന്നു. ഇപ്പോൾ യാതൊരുവിധ മൂലധനവും കൂടാതെ സഹൃദയന്മാരുടെ സന്മനസ്സോടുകൂടിയ സഹായസഹകരണങ്ങളെ മാത്രം ആശ്രയിച്ച് ഒരു ചെ[illegible]യ വാടകകെട്ടിടത്തിൽ വച്ച് നടത്തപ്പെടുന്ന പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി ഒരു സ്ഥലവും കെട്ടിടവും മററു സൗകര്യങ്ങളും ഉണ്ടാക്കേണ്ടതിലേക്കായി സഹൃദയന്മാരുടെ എല്ലാവിധ സഹായസഹകരണങ്ങളും ഈ സ്ഥാപനത്തിന് അത്യന്താപേക്ഷിതമായിരിക്കുന്നു. സംഭാവനകൾ അയച്ചുകൊടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

ദി. ശ്രീ. മങ്ങാട്ടമ്പിള്ളിൽ അലക്സന്ത്രയോസ് കത്തനാർ,
ഡയറക്ടർ,
മാർ ഇഗ്നാത്തിയോസ് ധർമ്മാസ്പത്രി,
അങ്കമാലി A. O. & P. O.

പൗരസ്ത്യസുവിശേഷസമാജം:—

ടി. സമാജത്തിന്റെ ശാഖയായി ആയക്കാട്ട് നടത്തിവരുന്ന വനിതാസമാജത്തിന്റെ 5-ാം വാർഷികസമ്മേളനം സ്ഥലം അതിഥിമന്ദിരത്തിൽവച്ച് 123 കർക്കിടകം 17-ാംനു- പകൽ 2 മണിക്ക് ദി. ശ്രീ. പി. പി. ജോസഫ് കത്തനാർ അവർകളുടെ അദ്ധ്യക്ഷതയിൽ ഭംഗിയായി നടത്തപ്പെട്ടു. മി. എ. കെ. അബ്രാഹം, ശ്രീമതി കെ. ററി. അന്നമ്മ എന്നിവരുടെ പ്രസംഗങ്ങളോടും യോഗസഹജമായ ഇതരചടങ്ങുകളോടുംകൂടി യോഗം 4½ മണിക്ക് മംഗളമായി അവസാനിച്ചു.

എന്ന്
സിക്രട്ടറി സി. എം. അന്നമ്മ.

പൊയ്ക്കാട്ടുശേരി പള്ളിയോഗനിശ്ചയം:—

123 കർക്കിടകം 17-ാംനു- ടി. പള്ളിയോഗം കൂടി, മലങ്കര മെത്രാപ്പോലീത്താ തിരുമനസ്സിലെ കല്പനാനുസരണം സമുദായക്കേസിന്റെ ചെലവിലേക്ക് അയക്കേണ്ട പണത്തെ സംബന്ധിച്ച് ആലോചിക്കുകയും ഇടവക ജനങ്ങൾ അവരവരുടെ ശക്ത്യനുസരണമുള്ള സംഖ്യ പള്ളിയിൽ കൊണ്ടുവന്നു കൊടുത്തു് കണക്കെഴുതിച്ചുകൊള്ളേണ്ടതാണെന്ന് നിശ്ചയിക്കുകയും ചെയ്തതായി ശ്രീമാൻ അമ്പാട്ട് വി. എം. അബ്രാഹം ഇവിടെ അറിയിച്ചിരിക്കുന്നു.

YOUTH

IS not a time of life-it is a state of mind. It is not a matter of ripe cheeks, red lips and supple knees; it is a temper of the will, a quality of the imagination, a vigour of the emotions; it is a freshness of the deep sqrings of life.

Youth means a temperamental predominance of courage over timidity, of the appetite of adventure over love of ease. This often exists in a man of fifty more than in a boy of twenty.

Nobody grows old by living a number of years; people grow old only by deserting their ideals. Years wrinkle the skin but to give up enthusiasm wrinkles the soul. Worry, doubt, self-distrust, fear and despair-these are the long, long years that bow the head and turn the growing spirit back to dust

Whether seventy or sixteen, there is in every being's heart the love of wonder, the sweet amazement at the stars and the star-like things and thoughts, the undaunted challenge of events, the unfailing childlike apetite for what next, and the joy and the game of life.

You are as young as your faith, as old as your doubt; as young as your self-confidence, as old as your fear; as young as your hope, as old as your despair.

In the central place of your heart there is a wireless station; so long as it receives messages of beauty, hope, cheer, courage, grandeur and power from the earth, from men and from the infinite, so long are you young.

When the wires are all down and all the central place of your heart is covered with the snows of pessimism and the ice of cynicism, then are you grown old indeed and may God have mercy on your soul.

Anonymous.

മാസികവരിസംഖ്യ മുഴുവനുമായൊ ഭാഗമായൊ അടച്ചവരുടെ ലിസ്റ്റ്.

1. ബ: എൻ. ജി. അബ്രഹം ശെമ്മാശൻ, വേങ്ങൂർ, കുറുപ്പംപടി. 2. മി: പി. പി. കോശി, തോപ്പിൽ വടക്കേതിൽ, ആനാട്ട്. 3. മി: എ. സി. കുരുവിള, അറയ്ക്കൽ കുന്നുമ്മ, കാവാലം. 4. മി: പി. ജെ. കുരുവിള, C/o മി. പി. ജെ. ദേവസ്യ, മനോരമ ഏജൻസി, തെരുട്ടുപുഴ. 5. ഫൊഡ്മാസ്റ്റർ, മൗണ്ട് താബോർ, സണ്ടെസ്സ്കൂൾ, പീച്ചാനിക്കാട്ട്, അങ്കമാലി. 6. ബ: ഫാദർ പി. ജെ. ജോൺ, പാലക്കുട്ടത്തിൽ, മുളന്തുരുത്തി. 7. ബ: ഫാദർ എ. സി. വറുഗീസ്, നെടുന്തള്ളിൽ, മണർകാട്. 8. മി: ടി. എ. പൈലി, തുണ്ടപ്പുംമുകളേൽ, കോഴിപ്പിള്ളി, കോതമംഗലം. 9. മി: ടി. എം. മത്തായി, തടിയൻവീട്ടിൽ, ഞാറക്കൽ, കുമരകം. 10 മി: ചുമ്മാരു വക്കീൽ, ആനിക്കൽ, വടക്കുമ്മാടേൽ, മൂവാറ്റുപുഴ. 11. മി: ടി. സി. ചാക്കൊ, തുരുത്തിത്താ, നീലംപേരൂർ. 12. ബ: എബ്രഹം ശെമ്മാശൻ, വടവുകോട്ട്, തിരുവുള്ളക്കാവ്. 13. മി: സി. ഫിലിപ്പ്സ്, പടിഞ്ഞാറെക്കര, കുമരകം. 14. മി: പൈലി ഇസഹാക്ക്, പാണിക്കാട്ട്, വാഴൂർകര, കുറുപ്പംപടി. 15. മി: സി. തോമസ്, ചിറയിൽ, ഇരു, നീലംപേരൂർ. 16. മി: ഫ്രാൻ. കെ. വറുഗീസ്, മൈക്കോളജിസ്റ്റ്, കായംകുളം. 17. മി: കെ. സി. എബ്രഹം, കുളത്തിൽ, പുതുവേലി, ക്രുത്താട്ടുകുളം. 18. മി: പി. സി. വക്കീൽ, പോസ്റ്റാഫീസ്, ചെങ്ങന്നൂർ. 19. ബ: ഫാദർ മത്തായി, ചെറുകര, ഇഞ്ചൂർ, കോതമംഗലം. 20. ബ: ഫാദർ ശീവറുഗീസ്, പാതിയപ്പിള്ളി, വാകത്താനം. 21. ബ: ഫാദർ കുറിയാക്കോസ്, തുരുത്തിപ്പിള്ളി, പെരുമ്പാവൂർ. 22. ബ: ഫാദർ പൌലോസ്, കളപ്പുരയ്ക്കൽ, ഒളശ്ശ. 24. മി: കെ. കെ. കുഞ്ഞൻ, കുഴിവേലിൽവീട്ട്, പാക്കുകര, പള്ളം. 25. മി: കെ. കെ. ജേക്കബ്, മൂന്നാർ എസ്റ്റാറ്റ്സ്, മൂന്നാർ. 26. മി: കെ. പി. ചാക്കൊ, കുറുകപ്പാടത്തിൽ, വെളിയനാട്ട്. 27. മി: പി. ഐ. വറുഗീസ്, ചുള്ളിപ്പുറവിളയിൽ മാനിലംപറമ്പി, ഇയമൺ. 28. ബ: ഫാദർ ജോർജ്ജ്, കൊറാലിൽ, കോട്ടപ്പടി, തുക്കുരിസ്സ്. 29. മി: എം. കെ. ചാണ്ടി, ഇടപ്പള്ളി, മറൈക്കഴി, പുത്തൻകാവ്. 30. മി: ജോൺ. എം. ജോൺ, യൂണിവേഴ്സൽ മെഡിക്കൽ സ്റ്റോഴ്സ്, ചെങ്ങന്നൂർ. 31. മി: മാനി വറുഗീസ് മാസ്റ്റർ, [illegible] അങ്ങാടി, കുന്നംകുളം. 32. ബ: ഫാദർ മത്തായി, പുലിനാട്ട്, കുന്നക്കുടി, കീഴില്ലം. 33. മി: പി. വി. ഐ. എബ്രഹം, മലയാളം പണ്ഡിറ്റ്, തിരുനെ. 34. മി: പി. വി. എബ്രഹം, പുതുശ്ശേരിവീട്ടിൽ തൈപ്പറമ്പിൽ തോമസും, ഏഴിക്കര, പള്ളിയാക്കൽ, വ: പാറൂർ. 35. ബ: ഫാദർ പി. സി. എബ്രഹാം, പുലിക്കോട്ടേൽ, സെൻറ് ജോൺസ് എഫേസൂസ് ചർച്ച്, പാമ്പാക്കുട. 36. മി: എം. എം. മണി, സപ്ലൈവ്യാപാരം, കടമാറ്റം, കോലഞ്ചേരി. 37. ബ: ഫാദർ കെ. യു. തോമസ്, വലിയ കുളപ്പുറയിൽ, ക്രുത്താട്ടുകുളം. 38. മി: എൻ. കെ. കുര്യൻ, തൊഴുക്കൽ, വടവുകോട്ട്, തിരുവുള്ളക്കാവ്. 39. ഡാക്ടർ കെ. എം. ചാക്കൊ, കോച്ചേരിൽ, കുറുപ്പംപടി. 40. മി. പി. ഐ. മത്തായി പുന്നച്ചാലിൽ തിരുവങ്കുളം. 41. മി. വറുഗീസ് എബ്രഹം കരിമ്പുകൻ, മേമ്മുറി, പാമ്പാക്കുട. 42. മി. ടി. ജെ. പീറർ, എടയത്തുപ്പ്, മേമ്മുറി, കോട്ടയം. 43. മി. കെ. ടി. സഖറിയ B. A., L. T. കുഴിയടിത്തായിൽ, എറികാട്ട് പുലിപ്പള്ളി. 44. മി. കെ. വി. ജോസഫ്, മണിയങ്കൽ എസ്റ്റാറ്റ്, തെക്കേക്കര, പൂഞ്ഞാർ. 45. ബ: ഫാദർ വറുഗീസ് ചെമ്മണ്ണൂർ, ചേലക്കര. (C.S.)

സുറിയാനി സിമ്മനാരിക്കുവേണ്ടിയുള്ള പിരിവുലിസ്റ്റ്.

(തുടർച്ച)

12. മടവൂർ പള്ളി.

ഒരു രൂപാ സംഭാവന ചെയ്തവർ:—

കുക്കനാട്ട ചെറിയ, അറക്കക്കുടി ഐപ്പ്, പുതിയാമഠത്തിൽ ചെറിയ, ടി. ശേശൊ, നീലാങ്ങൽ വക്കീ, ചിറക്കുന്നത്തു വക്കീ, നടുക്കാട്ടിൽ മത്തു, ഒലിമേലേൽ ഭാനിയേൽ, വാഴത്തോട്ടത്തിൽ ചെറിയ, ക്രുത്തുലി ചാണ്ടി, പുളിമൂട്ടിൽ തോമാ, (ഒന്നര) ടി. ചാക്കൊ, ടി. വക്കീ, മുണ്ടക്കൽ വക്കീ, കീരിമേഴുയിൽ പൈലി, എടത്തല വക്കീ, കൊരട്ടി വക്കീ, വാഴത്തു പൈലി, കുട്ടലേ വക്കീ, കുരുവിള, ടി. വക്കീ, പാച്ചേലിൽ ഐപ്പ്, ടി. പീലിപ്പൊസ്, കൊച്ചുപറമ്പി വക്കീ, ഏടവക പുഞ്ഞൻപുരയിൽ ചെറിയ, പുതിയേടത്തു പത്രൊസ്, മാളിമേൽ ചെലാടി കുരുവിള, ടി. ചാക്കൊ

മൂന്നു രൂപാ:—

മേനേക്കാട്ട് അന്നം, പുൽപറമ്പേൽ ചെറിയ, വടക്കെപുറത്ത് വക്കി, കാക്കതടത്തിൽ പൈലി, വാഴത്തോട്ടത്തിൽ മത്തായി.

അഞ്ചു രൂപാ:—

പോത്തനാചിറ ഇട്ടൻ, വാണിയാമ്പിള്ളി ഔസേപ്പ്, പരുത്തുംപ്ലായി വക്കി, നടുക്കാട്ടിൽ വക്കി, മുട്ടനാപ്പാറ പുത്തൻ പുരയിൽ സാറാമ്മ, കാവനാൽ ചെറിയ, നീലകല്ലുങ്ങൽ മാത്തു, കട്ടക്കത്ത് ഇട്ട്യേര, എടയാളിൽ പൈലി, മൂത്തേടത്തുകുടിയിൽ മാണി, മുണ്ടയത്ത് ഉതുപ്പ്, തെങ്ങുമ്പിള്ളിതോട്ടത്തിൽ കുര്യാക്കൊ, നെല്ലിക്കൽ അബ്രാഹം.

പത്തു രൂപാ:—

മുട്ടനാപ്പാറ പുത്തൻപുരയിൽ കൊച്ചുകുറു, പറവൂർ പൈലി, ഇടഔത്തുട്ട് ഉലഹന്നാൻ, പടിക്കലേടത്ത് പൈലി, വാഴക്കുഴിയിൽ കുരുവിള, ആനിച്ചേരിൽ ചാക്കൊ, തോയലങ്കര കുര്യൻ, മുത്തലത്തോട്ടത്തിൽ ചാക്കൊ, കോട്ടക്കുടി മത്തായി, നെല്ലിക്കൽ ചൊക്കാ, കുററിക്കാട്ട് പൈലി.

പതിനഞ്ചു രൂപാ:—

കൊച്ചുകുടിയിൽ ചെറിയ ഇട്ട്യേരാ, ചിറമഠത്തിക്കുടിയിൽ തൊമ്മൻ പൈലി.

ഇരുപതു രൂപാ:—

വാഴവേലി വക്കി ഇട്ടൻ.

ഇരുപത്തഞ്ചു രൂപാ:—

മാളികയിൽ കുരുവിള പൈലി സമ്മതിച്ച 101 രൂപായിൽ വരവു രൂപാ 25, തോട്ടപ്പാട്ടുകുടി മത്തായി ഇസാക്ക്, ടി. മാണി പൈലി, നിരവത്ത് പൈലി വക്കി:

അൻപത്തിന്നെ രൂപാ:—

ഇരണ്ടക്കത്തോട്ടത്തിൽ കുരുവിള വക്കി സമ്മതിച്ച 101 രൂപായിൽ വരവു രൂപാ 51.

ഒരുന്നൂററിന്നെ രൂപാ:—

വലിയമററത്തിൽ പൈലി, അരീററാൽ ചെറിയ മാത്തു, കടുകുത്തിങ്കൽ ബ: പൗലൂസ് കത്തനാർ മുതൽപേർ, കോട്ടക്കുടി പൈലി പൈലി, മുത്തലത്ത് ചെറിയ ഉലഹന്നാൻ (100 രൂപ), നെല്ലിക്കൽ പൈലി ചാക്കൊ.

ഒരു രൂപായിൽ താഴെയുള്ള സംഭാവന

ടി. പള്ളിയിലെ ആകെ പിരിവ് (1142-11-0)	5 — 3 — 0
മുടവൂർപള്ളിയിലെ പിരിവ്	1142 — 11 — 0
മുൻ ലീസ്സംപടി	179 — 14 — 9
നാളതുവരെ ആകെ പിരിവ്	4185 — 7 — 10
	5508 — 1 — 7

എന്ന്, കല്പനപ്രകാരം പൗലൂസ് ശെമ്മാശ്ശൻ.

ഒല്ലൂർ തയ്ക്കാട്ട് മുസ്സ് വക വൈദ്യശാല.

ബ്രാഞ്ച്:— ആലുവാ.

ഇവിടെ തിരുമേനിയുടെ പ്രത്യേക മേൽനോട്ടത്തിൽ ഉണ്ടാക്കപ്പെടുന്ന എല്ലാ ആയുർവ്വേദ മരുന്നുകളും കിട്ടുന്നതാണ്. എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 11-മുതൽ വൈകുന്നേരം 5-വരെ തിരുമേനി വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ നോക്കി ചികിത്സ നിശ്ചയിക്കുന്നതുമാണ്.

മാനേജർ: ബ: കോച്ചേരിൽ വറുഗീസ് കത്തനാർ, തൃക്കുന്നത്തു സിമ്മനാരി, ആലുവാ.
പത്രാധിപർ: ബ: വി. സി. ഗീവറുഗീസ് കത്തനാർ B. A., തൃക്കുന്നത്തു സിമ്മനാരി, ആലുവാ.
Printed at the S. G. Press, Parur & Published at Alwaye by Rev. Fr. V. C. Gheevarghese.

ദൈവകൃപയാൽ

ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽനിന്ന്

നമ്മുടെ വാത്സല്യവാൻ ബൈക്കുന്ന ജിൽഗീവറുഗീസ് കശ്ശിശാക്ക് വാഴ്വ്.

പ്രിയപ്പെട്ട അച്ചാ,

ആലുവാ നിമ്മനാരിയിൽനിന്നും നമ്മുടെ ചുമതലയിൽ പുറപ്പെടുന്ന 'സഭാചന്ദ്രിക' എന്ന ദ്വിമാസിക അച്ചന്ന് കിട്ടുന്നുണ്ടെന്ന് വിശ്വസിക്കുന്നു. നമ്മുടെ ഭാഗത്തെ കാര്യങ്ങൾ പറയുന്നതിന് യാതൊന്നുമില്ലാത്തതിനാൽ ആ കുറവിനെ ഏകദേശമായിട്ടെങ്കിലും പരിഹരിക്കുന്നതിനായിട്ടാണ് നാം ഇതിനു തുനിഞ്ഞത്. പ്രിയപ്പെട്ട വൈദീകരും അത്മായക്കാരും പലപ്പോഴും നമുക്ക് ഒരു പത്രം അത്യാവശ്യമാണെന്നു പറയാറുണ്ട്. ഇപ്പോൾ നാം വളരെ പണം ചെലവുചെയ്ത് ഒരു മാസിക ആരംഭിച്ച് നടത്തിവരികയും ചെയ്യുന്നു.

ഈ അവസരത്തിൽ നമുക്ക് നിങ്ങളോടു ചോദിക്കുവാനുള്ളത്, നിങ്ങൾ അതിനെ എത്രമാത്രം സഹായിക്കുന്നുണ്ടെന്നുള്ളതാണ്. നിങ്ങളുടെ ആ ഇടവകയിൽനിന്നും പള്ളിക്കുവേണ്ടിയും സ: സ്കൂളിനു വേണ്ടിയും ഓരോ മാസിക എടുക്കുന്നതുകൂടാതെ കഴിവുള്ള എല്ലാ വീട്ടുകാരെകൊണ്ടും ഓരോ മാസിക എടുപ്പിക്കുവാൻ ശ്രമിക്കണം. സഭയെ സ്നേഹിക്കുക എന്നുള്ളത് സഭയുടെ ഏവംവിധങ്ങളായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാകുന്നു.

ആ പള്ളിയുടേയും അവിടത്തെ അച്ചന്മാരുടേയും ഫോട്ടോകളും ബ്ളോക്കുണ്ടാക്കി ഇടുവാനുള്ള ചിലവും പത്രാധിപക്ക് അയച്ചുകൊടുത്താൽ അതുതന്നെ ഒരു വ

ലിയ സഹായമായി. നമ്മുടെ ബലഹീനകഴിവുകൾക്കൊത്തവണ്ണം നാം പ്രവൎത്തിക്കുമ്പോൾ നിങ്ങളും നമ്മൊടുചേൎന്ന് സഹായിച്ചാൽ അതു് നമുക്കും നമ്മുടെ സഭക്കും അഭിമാനമായിരിക്കും.

അധികം പ്രസംഗിക്കുകയൊ, വിമൎശനങ്ങൾ നടത്തുകയൊ, അന്യോന്യം കുററം പറയുകയൊ ചെയ്തതുകൊണ്ടു മാത്രമായില്ല; പ്രത്യുത സൃഷ്ടിപരമായ പ്രവൎത്തികൾ കൊണ്ടു മാത്രമെ സഭയെ ഉദ്ധരിക്കുവാൻ കഴികയുള്ളുവെന്നറിയണം. പ്രിയപ്പെട്ട അച്ചൻ നമ്മുടെ ഈ എഴുത്തിൻെറ ഫലമായി മൂന്നു മാസികയെങ്കിലും ആ ഇടവകയിൽ കൂടുതൽ ചിലവാക്കിയാൽ നാം കൃതാൎത്ഥനായി.

നമ്മുടെ ഈ ശ്രമത്തിൽ ആരെല്ലാമാണു് ഹൃദയംഗമമായി നമ്മെ സഹായിക്കുന്നതെന്നറിയുവാൻ നാം ആഗ്രഹിക്കുന്നു. ഇപ്പോൾ അച്ചൻെറ ശ്രമത്താൽ എത്ര മാസിക ചെലവാകുന്നുണ്ടു്!

ദൈവത്തിൻെറ കൃപയും അനുഗ്രഹവും അച്ചനോടുകൂടെയും അച്ചൻെറ എല്ലാ വിധ ആത്മികസേവനങ്ങളിലും ഉണ്ടായിരിക്കട്ടെ.

(ഒപ്പു്)

മാർ ഗ്രീഗോറിയോസു് മെത്രാപ്പോലീത്താ.

ആലുവാ തൃക്കുന്നത്തു സിമ്മനാരി,

തീയതി 15-1-24

S. G. Press, Parur.